# മഹാത്മാഗാന്ധി സർവ്വകലാശാല

## 2022 മാർച്ച് 26-ാം തീയതി രാവിലെ 10.00 മണിക്ക് സർവ്വകലാശാല സെനറ്റ് ഹാളിൽ കൂടിയ സെനറ്റ് വാർഷിക യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

സ്ഥലം: സെനറ്റ് ഹാൾ, ഭരണവിഭാഗം ബ്ലോക്ക്, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ്, അതിരമ്പുഴ, കോട്ടയം-686560

**പങ്കെടുത്തവർ**

1. പ്രൊഫ. (ഡോ.) സാബു തോമസ്, വൈസ് ചാൻസലർ (അദ്ധ്യക്ഷൻ)
2. ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, സിൻഡിക്കേറ്റ് അംഗം
3. അഡ്വ. ജോബ് മൈക്കിൾ, സിൻഡിക്കേറ്റ് അംഗം
4. ഡോ. പി.എസ്. സുകുമാരൻ, സിൻഡിക്കേറ്റ് അംഗം
5. ശ്രീ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം
6. അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം
7. ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം
8. ഡോ. ആർ. അനിത, സിൻഡിക്കേറ്റ് അംഗം
9. പ്രൊഫ. ബാബു മൈക്കിൾ, സിൻഡിക്കേറ്റ് അംഗം
10. ശ്രീ. ജസ്റ്റിൻ ജോസഫ്, സിൻഡിക്കേറ്റ് അംഗം
11. ഡോ. ബിജു പുഷ്പൻ, സിൻഡിക്കേറ്റ് അംഗം
12. ശ്രീമതി. ലേഖ ജെ., ഡെപ്യൂട്ടി രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
13. ഡോ. എ.എസ്. സുമേഷ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിന്ദി, എം.ഇ.എസ് കോളേജ്, നെടുംകണ്ടം
14. ശ്രീ. ജോജി അലക്സ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, സെന്റ്. തോമസ് കോളേജ്, പാലാ
15. ഡോ. സജു മാത്യു, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം, യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ
16. ഡോ. സിറിയക് ജോസ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ആർക്കിയോളജി, സെന്റ്. തോമസ് കോളേജ്, പാലാ
17. ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, സെന്റ്. തോമസ് കോളേജ്, കോഴഞ്ചേരി
18. ഡോ. വിനു ടി.പി, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, എൻ.എസ്.എസ്. ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി
19. ശ്രീ. ജോജി ജോൺ പണിക്കർ, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, സി.എം.എസ് കോളേജ്, കോട്ടയം
20. ഡോ. അലക്സ് മാത്യു, അസിസ്റ്റന്റ് പ്രൊഫസർ, യു.സി. കോളേജ് ആലുവ
21. ശ്രീ. എബിൻ പി.ജെ., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി, എസ്.എച്ച്. കോളേജ്, തേവര
22. ശ്രീ. ജേക്കബ് സി. നൈനാൻ, എൽ.ഡി. ക്ലർക്ക്, ബസേലിയസ് കോളേജ്, കോട്ടയം
23. ഡോ. സുമി ജോയ് ഓലിയപ്പുറം, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം, മഹാരാജാസ് കോളേജ്, എറണാകുളം
24. Capt. ജോൺ എം. ജോർജ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, സെന്റ്. തോമസ് കോളേജ്, റാന്നി
25. ഡോ. ബിജു പി.ആർ., അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
26. ഡോ. അനസ് എസ്., അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

27. ശ്രീ. ആദിത്യ ആർ., സെന്റ് സേവിയേഴ്സ് കോളേജ്, വൈക്കം
28. ശ്രീ. നവീൻ കെ. ഫ്രാൻസിസ്, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ്പ്മെന്റ് സ്റ്റഡീസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
29. ശ്രീ. എ.ജെ. ഇമ്മാനുവൽ, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്, നിർമ്മല കോളേജ്, മൂവാറ്റുപുഴ
30. ശ്രീ. എ.എം അബൂബക്കർ, കെ.എം.എം. കോളേജ് ഫോർ ആർട്സ് & സയൻസ്, തൃക്കാക്കര
31. ശ്രീ. കെ. എം. മൂസ, മാനേജർ, അൽ-അസർ കോളേജ്, തൊടുപുഴ
32. ശ്രീ. സജിത്ത് ബാബു എസ്., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഫിസിക്സ്, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട
33. ശ്രീ. മുഹമ്മദ് അബ്ബാസ് എസ്., ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ & ജേർണലിസം, പുല്ലരിക്കുന്ന്.
34. ഡോ. ജീ ജി., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി, ശ്രീ ശങ്കര കോളേജ്, കാലടി
35. ശ്രീ. യദുകൃഷ്ണൻ പി.എസ്., ഏറ്റുമാനൂരപ്പൻ കോളേജ്, ചൂരക്കുളങ്ങര
36. കുമാരി. ഐശ്വര്യ റ്റി.എസ്., സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
37. ശ്രീ. വിനീഷ് കെ.എ., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്, ഗവ. കോളേജ്,മൂന്നാർ
38. ശ്രീ. അശ്വിൻ അനിൽ, സി.എസ്.ഐ. കോളേജ് ഫോർ ലീഗൽ സ്റ്റഡീസ്, കാണക്കാരി

**ഓൺലൈനായി പങ്കെടുത്തവർ**

39. ശ്രീമതി. ശോഭ കെ.ഡി., പ്രിൻസിപ്പൽ, ഗവ. സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ
40. ഡോ. ആൾസൺ മാർട്ട്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, മഹാരാജാസ് കോളേജ്, എറണാകുളം
41. ഡോ. അജിത് ജെയിംസ് ജോസ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി,
42. അഡ്വ. എൽദോസ് പി. കുന്നപ്പള്ളി, എം.എൽ.എ., പെരുമ്പാവൂർ
43. ശ്രീ. ശ്രീജിത്ത് രമേഷ്, കോ-ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ
44. ശ്രീ. സിനു പി. ലാസർ, സീനിയർ ക്ലർക്ക്, മഹാരാജാസ് കോളേജ്, എറണാകുളം

കൂടാതെ, രജിസ്ട്രാർ പ്രൊഫ. (ഡോ.) പ്രകാശ് കുമാർ ബി.-യും ഹാജരായിരുന്നു.

രാവിലെ 10.00 മണിക്ക് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സാബു തോമസിൻെറ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. വാർഷിക സെനറ്റ് യോഗത്തിലേയ്ക്ക് അദ്ധ്യക്ഷൻ അംഗങ്ങളെ സ്വാഗതം ചെയ്തു.

തുടർന്ന്, അനുശോചനം പ്രമേയം അവതരിപ്പിക്കുന്നതിനായി അദ്ധ്യക്ഷൻ രജിസ്ട്രാറെ ക്ഷണിച്ചു.

**<u>അനുശോചനപ്രമേയം</u>**

തമിഴ്നാട്ടിലെ കൂനൂരിൽ ഹെലികോപ്റ്റർ അപകടത്തിൽ മരിച്ച രാജ്യത്തെ പ്രഥമ സംയുക്തസേനാ മേധാവിയായിരുന്ന ജനറൽ ബിപിൻ റാവത്ത്, മലയാളിയായ വ്യോമസേന വാറന്റ് ഓഫീസർ പ്രദീപ് അറയ്ക്കൽ, മരണപ്പെട്ട മറ്റ് സൈനിക ഉദ്യോഗസ്ഥർ, മുൻ കേന്ദ്രമന്ത്രി ഓസ്കാർ ഫെർണാണ്ടസ്, രാജ്യസഭാ MP യും ബജാജ് ഗ്രൂപ്പ് മുൻ ചെയർമാനുമായിരുന്ന രാഹുൽ ബജാജ്, മുതിർന്ന കോൺഗ്രസ് നേതാവായിരുന്ന തലേക്കുന്നിൽ ബഷീർ, പി.ടി. തോമസ് എം.എൽ.എ., ലോകപ്രശസ്ത മലയാളി ഭൗതിക ശാസ്ത്രജ്ഞൻ പ്രൊഫ. താണു പത്മനാഭൻ, ഔഷധി ചെയർമാനും എറണാകുളം കളക്ടറുമായിരുന്ന ഡോ. കെ.ആർ. വിശ്വംഭരൻ, ആർ.സി.സി. സ്ഥാപക ഡയറക്ടർ ഡോ. എം. കൃഷ്ണൻ നായർ, ഇതിഹാസ ക്രിക്കറ്റ് താരം ഷെയിൻ വോൺ,മഹാത്മാഗാന്ധി സർവകലാശാല രാജ്യാന്തര പഠനവിഭാഗം മേധാവിയും അധ്യാപകനുമായിരുന്ന ഡോ. രാജു കെ താടിക്കാരൻ, കാർഷിക സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. എ.എം. മൈക്കിൾ, ഇന്ത്യയുടെ വാനമ്പാടി ഭാരതരത്നം ലതാ മങ്കേഷ്കർ, സിനിമാ സംവിധായകൻ എസ്. സേതുമാധവൻ, മുസ്ലിംലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ, മികച്ച ഗാനങ്ങൾ കൊണ്ട് മലയാളത്തെ ശാലീനമാക്കിയ ഗാനരചയിതാവ് ബിച്ചു തിരുമല, മലയാളികളുടെ ഇഷ്ടഗായകനും സംഗീത സംവിധായകനുമായ തോപ്പിൽ ആന്റോ, സംഗീതസംവിധായകനും ഗായകനുമായ കൈതപ്രം വിശ്വനാഥൻ, നാടകരചയിതാവും സംഗീതസംവിധായകനും ഗായകനുമായ ആലപ്പി രംഗനാഥ്, കവി എസ്. രമേശൻ, മാപ്പിളപ്പാട്ട് കലാകാരൻമാരായ വി.എം. കുട്ടി, പീർ മുഹമ്മദ്, ഇന്ത്യയുടെ ഇതിഹാസ കഥക് നർത്തകൻ ബിർജു മഹാരാജ്,സിനിമാ താരങ്ങളായിരുന്ന ജി.കെ. പിള്ള, നെടുമുടി വേണു, കെ.പി.എ.സി. ലളിത, റിസബാവ, കോഴിക്കോട് ശാരദ, പുനീത് രാജ്കുമാർ,കാർട്ടൂണിസ്റ്റ് യേശുദാസൻ, പ്രമുഖ പത്രപ്രവർത്തകൻ ഇ. സോമനാഥൻ, പ്രസിദ്ധ ചരിത്രകാരൻ ഡോ. എം. ഗംഗാധരൻ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ടി. നാസറുദ്ദീൻ, നോബൽ സമ്മാന ജേതാവ് ആർച്ച് ബിഷപ്പ് ഡെസ്മണ്ട് ടുട്ടു, സ്വാതന്ത്ര്യ സമരസേനാനി കെ. അയ്യപ്പൻ പിള്ള, കൂടാതെ കോവിഡ് 19 മഹാമാരി, യുദ്ധക്കെടുതികൾ എന്നിവ മൂലം ലോകത്താകമാനം ജീവൻ നഷ്ടപ്പെട്ടവർ എന്നിവരുടെ വിയോഗത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ സെനറ്റ് വാർഷിക യോഗം അനുശോചനം രേഖപ്പെടുത്തി, തുടർന്ന് ആദരസൂചകമായി സഭ ഒരു മിനിറ്റ് മൗനമാചരിച്ചു.

തുടർന്ന് അദ്ധ്യക്ഷൻ അനുമോദനപ്രമേയം അവതരിപ്പിച്ചു.

**<u>അനുമോദന പ്രമേയം</u>**

സംസ്ഥാനത്തെ അക്കാദമിക മേഖലയിലെ ഏറ്റവും ഉയർന്ന ബഹുമതിയായ ചാൻസലേഴ്സ് അവാർഡ് മൂന്നാം വട്ടവും മഹാത്മാഗാന്ധി സർവ്വകലാശാല നേടുകയുണ്ടായി.2020 വർഷത്തെ അവാർഡാണ് ഏറ്റവും ഒടുവിലായി ലഭിച്ചത്. നേരത്തെ 2016, 2018 വർഷങ്ങളിലും സർവ്വകലാശാല ഈ ബഹുമതി സ്വന്തമാക്കിയിരുന്നു.

യു.കെ. ആസ്ഥാനമായ ടൈംസ് ഹയർ എജ്യൂക്കേഷൻ ലോകത്തിലെ വികസ്വര രാജ്യങ്ങളിലെ സർവ്വകലാശാലകൾക്കു വേണ്ടി നടത്തിയ റാങ്കിംഗിൽ മഹാത്മാഗാന്ധി സർവ്വകലാശാല 101 -ാം

സ്ഥാനം കരസ്ഥമാക്കുകയുണ്ടായി.ഇന്നൊവേഷൻ - സംരംഭകത്വ മേഖലകളിൽ മികവ് പുലർത്തുന്ന രാജ്യത്തെ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുള്ള അടൽ റാങ്കിങ്ങിൽ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് മൂന്നാം സ്ഥാനം ലഭിച്ചു.

സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസെർച്ച് - ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് (ഐ.ആർ.എൽ.ഡി.) മികച്ച എക്സ്റ്റൻഷൻ സേവന പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര സർക്കാരിന്റെ ദേശീയ പുരസ്കാരം നേടുകയുണ്ടായി.

അന്താരാഷട്ര വനദിനാഘോഷങ്ങളുടെ ഭാഗമായി സംസ്ഥാന വകുപ്പ് ഏർപ്പെടുത്തിയ 2021 ലെ ജില്ലാ തല വനമിത്ര പുരസ്കാരത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയെ തെരഞ്ഞെടുത്തിട്ടുണ്ട്.
അർപ്പണമനോഭാവത്തോടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളുടെ ഫലമായാണ് സർവ്വകലാശാലക്ക് ഇത്തരം അഭിമാനകരമായ നേട്ടങ്ങൾ സ്വന്തമാക്കാൻ കഴിഞ്ഞത്. ഇതിനായി അശ്രാന്ത പരിശ്രമം നടത്തിയ സർവ്വകലാശാലയിലെ അക്കാദമിക സമൂഹത്തേയും വിദ്യാർത്ഥികളേയും അധ്യാപക-അനധ്യാപക മേഖലകളിലെ മുഴുവൻ ആളുകളേയും സർവ്വകലാശാലയുടെ അക്കാദമിക - ഭരണ നേതൃത്വത്തേയും യോഗം അനുമോദിച്ചു.

ഇത്തരത്തിൽ മികവാർന്ന പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനുള്ള സാഹചര്യം ഒരുക്കിത്തന്ന ആദരണീയ ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനും, സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകിവരുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരിനും പ്രോ ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവിനുമുള്ള നന്ദിയും പ്രത്യേകം രേഖപ്പെടുത്തി
മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും പോളിമർ-നാനോ ശാസ്ത്ര-സാങ്കേതിക മേഖലകളിലെ അറിയപ്പെടുന്ന ശാസ്ത്രജ്ഞനും ഗവേഷകനും അധ്യാപകനുമായ പ്രൊഫ. (ഡോ.) സാബു തോമസിന് അമേരിക്കയിലെ സ്റ്റാൻഫോർഡ് സർവ്വകലാശാല തയ്യാറാക്കിയ ലോക ശാസ്ത്രജ്ഞരുടെ പട്ടികയിൽ കേരളത്തിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി.

കൂടാതെ റഷ്യയിലെ സൈബീരിയൻ ഫെഡറൽ യൂണിവേഴ്സിറ്റിയുടെ 'Honoured Professor' ബഹുമതിയും ദക്ഷിണാഫ്രിക്കയിലെ ഏറ്റവും ഉന്നതമായ അക്കാദമിക് സ്ഥാപനങ്ങളിലൊന്നായ യൂണിവേഴ്സിറ്റി ഓഫ് ജോഹന്നാസ്ബർഗിന്റെ 'ഡിസ്റ്റിംഗ്വിഷ്ഡ് പ്രൊഫസർ' പദവിയും പ്രൊഫ. (ഡോ.) സാബു തോമസിന് ലഭിക്കുകയുണ്ടായി.

പോളണ്ട് ആസ്ഥാനമായുള്ള വേൾഡ് അക്കാദമി ഓഫ് മെറ്റീരിയൽസ് ആന്റ് മാനുഫാക്ചറിംഗ് എഞ്ചിനീയറിംഗ്, അസ്സോസിയേഷൻ ഓഫ് കമ്പ്യൂട്ടേഷണൽ മെറ്റീരിയൽസ് സയൻസ് ആന്റ് സർഫസ് എഞ്ചിനീയറിംഗ് എന്നിവയുടെ ആഭിമുഖ്യത്തിലുള്ള 'ജേർണൽ ഓഫ് മെറ്റീരിയൽസ് ആന്റ് മാനുഫാക്ചറിംഗ് എഞ്ചിനീയറിംഗ്, ആർക്കൈവ്സ് ഓഫ് മെറ്റീരിയൽ സയൻസ് ആൻറ് എഞ്ചിനിയറിംഗ് ' എന്നീ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപ സമിതിയിലേക്ക് പ്രൊഫ. (ഡോ.) സാബു തോമസിനെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

പ്രൊഫ. (ഡോ.) സാബു തോമസിനെ തേടി എത്തിയിട്ടുള്ള ഈ അപൂർവ്വ ബഹുമതികളിൽ ഈ യോഗം അദ്ദേഹത്തെ ഹാർദ്ദവമായി അനുമോദിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പ്രഫസർ ഡോ. അനിൽ കുമാർ ഗോപിനാഥൻ, യു.കെ. ആസ്ഥാനമായ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രിയുടെ (ആർ.എസ്.സി.) ഫെല്ലോഷിപ്പിന് അർഹനായി എന്ന കാര്യവും പ്രൊഫ. ഡോ. അനിൽ കുമാർ ഗോപിനാഥനേയും യോഗം പ്രത്യേകമായി അനുമോദിച്ചു.
സർവ്വകലാശാലയുടെ തുടർന്നുള്ള അക്കാദമിക് മുന്നേറ്റങ്ങൾക്ക് ഈ നേട്ടങ്ങൾ കൂടുതൽ പ്രചോദനമാകുമെന്നും കൂടാതെ നേട്ടങ്ങൾക്കുടമകളായ എല്ലാവരേയും യോഗം അനുമോദിക്കുന്നതായും അദ്ധ്യക്ഷൻ അറിയിച്ചു.

## I. ചോദ്യവും ഉത്തരവും:

**ചോദ്യം: ഡോ. എബിൻ പി.ജെ.**

1. സർവ്വകലാശാല നിർദ്ദേശമനുസരിച്ച് 2010 മുതൽ DCB statement ഇനിയും സർവ്വകലാശാലയിൽ സമർപ്പിക്കാത്ത എത്ര കോളേജുകളുണ്ട്? ഇത് സമർപ്പിച്ചിട്ടില്ലാത്തവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

**ഉത്തരം: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാലാ നിർദ്ദേശമനുസരിച്ച് 2010 മുതലുള്ള ഡി.സി.ബി.സ്റ്റേറ്റ്മെന്റ്സ് ഇനിയും സമർപ്പിക്കാത്ത കോളേജുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

Government Colleges

1. Govt. College Nattakom.
2. Govt. Law College, Eranakulam.
3. Govt. Arts & Science College, Elanthur.
4. Govt. College, Munnar.
5. Govt. Arts & Science College, Santhanpara.
6. Maharajas College, Eranakulam.(Autonomous)
7. RLV College of Music & Fine Arts, Tripunithura.
8. Govt.Arts & Science College, Vypin.

Aided Colleges

1. NSS College, Rajakumari.

Unaided Colleges

1. Ayyappa Institute Of Management Studies, Peerumade
2. Ave Stella Maris College, Ramamangalam, Ernakulam
3. Bharathmatha College Of Commerce And Arts, Chunangamveli, Aluva

4. CAS Njeezhoor, Kaduthuruthi
5. Cochin Arts And Science, Manakkakadavu, Ernakulam
6. Devaswam Board College, Keezhoor, Vaikom
7. Good Shepherd College, Nattakam, Kottayam
8. KMM College Of Arts And Science, Trikkakara, Ernakulam
9. Mar Elias College, Kottappady, Kothamangalam
10. MES College, Erattupetta
11. MES To Abdulla Memmorial College, Kunnukara, Aluva
12. Mount Royal College, Sooryanelli, Chinnakkanal, Idukki
13. Musliar College Of Arts And Science, Malayalapuzha,Pta
14. Mar Athanasios College For Advanced Studies, Tholassery, Pta
15. MES Golden Jubilee College, Kochumattam, Kottayam
16. Mar Grogorios Abdul Jaleel Arts And Science, Paravoothara, Ekm
17. Santhigiri Institute Of Mgt, Vazhithala, Thodupuzha
18. St.Marys College Of Commerce And Mgt Studies, Thuruthiply, Ekm
19. St.Thomas College, Thavalappara, Konni
20. Viswabrahmana College, Vechoochira, Pta
21. Aman College Of Science And Technology, Paippad, Kottayam
22. Gurunarayan College Of Arts And Science, Thodupuzha
23. Jawaharlal Nehru Institute Of Arts & Science, Idukki
24. Sree Narayana Paramahamsa College Of Arts And Science, Poonjar
25. YMCA College, Mekkara Hills, Aluva
26. National College Of Teacher Education, Vengola, Perumbavur
27. Al-Azhar Law College, Thodupuzha
28. Bharathmatha College Of Legal Studies, Aluva
29. CSI College For Legal Studies, Kanakkari, Kottayam
30. CAS, Kanjirappally

**ഉപചോദ്യം: ഡോ. എബിൻ പി.ജെ.**

DCB statement ഇനിയും സർവ്വകലാശാലയിൽ സമർപ്പിക്കാത്ത കോളേജുകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

**<u>ഉത്തരം: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, സിൻഡിക്കേറ്റ് അംഗം</u>**

DCB statement ഇനിയും സർവ്വകലാശാലയിൽ സമർപ്പിക്കാത്ത കോളേജുകൾക്ക് ഓർമ്മക്കത്ത് നൽകിയിട്ടുണ്ട്.

**<u>ഉപചോദ്യം: ശ്രീ. ജോജി അലക്സ്</u>**

സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ. കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകൾ DCB statement ഇനിയും സമർപ്പിച്ചിട്ടില്ല എന്ന് ഉത്തരത്തിൽ നിന്ന് മനസിലാക്കുന്നു. വളരെ ജാഗ്രതയോടെ മുന്നോട്ടുപോയില്ല എങ്കിൽ സർവ്വകലാശാലയുടെ കടം വർദ്ധിക്കുന്ന സാഹചര്യം വരും ആയതിനാൽ ഇത് ഒഴിവാക്കുവാൻ എന്ത് നടപടിയാണ് സർവ്വകലാശാല സ്വീകരിക്കാൻ പോകുന്നത്?

കോളേജുകളെക്കൊണ്ട് മുഴുവൽ ഫീസും അടപ്പിക്കുന്നതിൽ സർവ്വകലാശാല ജാഗ്രത പുലർത്തുന്നുണ്ടെന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**<u>ചോദ്യം: ഡോ. സജു മാത്യു</u>**

2. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബി.എ., ബി.എസ്.സി. മോഡൽ 2 വൊക്കേഷണൽ പ്രോഗ്രാമുകളിലെ കോമൺ കോഴ്സുകളുടെ (മലയാളം,ഹിന്ദി) സിലബസ് ഏകീകരണം (ഉത്തരവ് നമ്പർ.4625/ACA9/2021/MGU തീയതി 15.09.2021) കാരണം വിവിധ കോളേജുകളിലെ ഭാഷാ അധ്യാപകർക്ക് ഉണ്ടായിരിക്കുന്ന അവർ (Hour) നഷ്ടവും തസ്തിക നഷ്ടവും കണക്കാക്കിയിട്ടുണ്ടോ? പ്രസ്തുത വിഷയത്തിൽ ഭാഷാ അധ്യാപക കൂട്ടായ്മ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല സ്വീകരിച്ച നടപടികൾ എന്തെല്ലാം?

**<u>ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങൾക്ക് ജോലിഭാരവും തസ്തിക നിർണ്ണയവും നടത്തുന്നത് " The Mahatma Gandhi University Ordinance regarding workload and staff pattern of teaching staff of Private Aided Arts and Science Colleges, 2018" എന്ന ഓർഡിനൻസ് പ്രകാരമാണ്.

പ്രസ്തുത ഓർഡിനൻസിൽ പേജ് നമ്പർ 5 -ൽ താഴെ പറയും പ്രകാരം പ്രതിബാധിച്ചിട്ടുണ്ട്. **" While dividing batches as mentioned above total number of students undergoing the same course of study, whether Core or Complimentary course, English or other additional languages, shall be clubbed together and divided by the maximum of the permissible number".**

മേൽസാഹചര്യത്തിൽ ടി ഓർഡിനൻസ് പ്രകാരം ബി.എ, ബി.എസ്.സി. (മോഡൽ II) വൊക്കേഷണൽ പ്രോഗ്രാമുകളിലെ കോമൺ കോഴ്സുകളുടെ (മലയാളം,ഹിന്ദി) കുട്ടികളെ

വിഷയാടിസ്ഥാനത്തിൽ ക്ലബ് ചെയ്യുകയും, ടി കുട്ടികളുടെ എണ്ണത്തെ അനുവദിച്ചിട്ടുള്ള sanctioned student strength (ആർട്സ് - 75, സയൻസ് - 65) അനുസരിച്ച് ബാച്ച് തിരിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ജോലിഭാരം കണക്കാക്കുകയും, ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തപ്പെടുകയും ചെയ്യുന്നത് ആയതിനാൽ ബി.എ, ബി.എസ്.സി. (മോഡൽ II) വൊക്കേഷണൽ പ്രോഗ്രാമുകളിലെ കോമൺ കോഴ്സുകളുടെ (മലയാളം, ഹിന്ദി) സിലബസ് ഏകീകരണം കാരണം എയ്ഡഡ് കോളേജുകളിലെ ഭാഷ അദ്ധ്യാപകർക്ക് ജോലിഭാരത്തിൽ കുറവോ, തസ്തിക നഷ്ടമോ ഉണ്ടാകുന്നതായി കാണപ്പെടുന്നില്ല.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബി.എ, ബി.എസ്.സി മോഡൽ 2 വൊക്കേഷണൽ പ്രോഗ്രാമുകളിലെ കോമൺ കോഴ്സുകളുടെ സിലബസ് ഏകീകരണം സംബന്ധിച്ച വിഷയത്തിൽ ഭാഷാ അദ്ധ്യാപക കൂട്ടായ്മ നൽകിയ നിവേദനം ബഹു: വൈസ് ചാൻസലറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സിലബസ് ഏകീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവ് പിൻവലിക്കേണ്ടതില്ല എന്ന് നിർദ്ദേശം ലഭിക്കുകയും ചെയ്തിരുന്നു.ആയത് നിവേദനം നൽകിയവരെ കത്ത് മുഖാന്തരം അറിയിച്ചിരുന്നു.

<u>ഉപചോദ്യം: ഡോ. സജു മാത്യു</u>

ഭാഷാ അധ്യാപകർക്ക് അയച്ച കത്തിൻെറ കോപ്പി ഓൺലൈനായെങ്കിലും ലഭ്യമാക്കാമോ? തസ്തിക നഷ്ടം ഇല്ലാ എങ്കിലും Hour നഷ്ടം ഉണ്ടാകുന്നുണ്ട്? എയ്ഡഡ് കോളേജുകളോട് അഭിപ്രായം ചോദിക്കാതെയാണ് ഇത്തരം ഓഡർ സർവ്വകലാശാല ഇറക്കിയിരിക്കുന്നത്.

<u>ഉത്തരം: ശ്രീ. ഹരികൃഷണൻ പി., സിൻഡിക്കേറ്റ് അംഗം</u>

എയ്ഡഡ് കോളേജുകളോട് അഭിപ്രായം ചോദിച്ചുതന്നെയാണ് ഇത്തരം ഒരു ഓഡർ ഇറക്കിയത്, ഈ ഉത്തരവ് ഇറക്കാൻ ഉണ്ടായ സാഹചര്യം എന്ന് പറയുന്നത് അധ്യാപകരുടെ ഭാഗത്തുനിന്നുള്ള representation ആണ്. ബി.എ. മോഡൽ 2 പ്രോഗ്രാമും ബിഎസ് സി മോഡൽ 2 പ്രോഗ്രാമും ഒരുമിച്ചുള്ള കോളേജുകളിലാണ് ഇത്തരം പ്രശ്നമുള്ളത്. അത്തരം കോളേജുകളിൽ ജോലിഭാരം കണക്കാക്കിക്കൊണ്ട് സർക്കാർ തസ്തിക അനുവദിക്കാത്ത സാഹചര്യത്തിൽ ഇത് club ചെയ്തില്ല എങ്കിൽ അധ്യാപകർക്ക് ജോലിഭാരം കൂടുകയും എന്നാൽ അതിനനുസരിച്ചുള്ള ആനുകൂല്യം അധ്യാപകർക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യും.

<u>ചോദ്യം: ഡോ. അലക്സ് മാത്യു</u>

3. 2021-22 അദ്ധ്യയന വർഷം റീവാല്യുവേഷൻ നടത്തിയ അദ്ധ്യാപകർക്ക് എത്ര രൂപാ പ്രതിഫല ഇനത്തിൽ നൽകിയിട്ടുണ്ട്? എത്ര പേർക്ക് കൊടുത്തു തീർക്കുവാനുണ്ട്?

<u>ഉത്തരം: ശ്രീ. ഹരികൃഷണൻ പി., സിൻഡിക്കേറ്റ് അംഗം</u>

സർവകലാശാലയിൽ 2021-22 അദ്ധ്യയന വർഷത്തിലെ വിവിധ യു.ജി പി.ജി പരീക്ഷകളുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണയം നിർവഹിച്ച അദ്ധ്യാപകർക്ക് പ്രതിഫല ഇനത്തിൽ '22 201 36' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും ₹19,18,137/- (പത്തൊൻപതു ലക്ഷത്തി പതിനെണ്ണായിരത്തി ഒരുന്നൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. എല്ലാ

അധ്യാപകരും ബിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രതിഫലം കൊടുത്തു തീർക്കാനുള്ളവരുടെ കണക്ക് ലഭ്യമല്ല.

**ചോദ്യം: ഡോ. എ.എസ്. സുമേഷ്**

4. 2019-2020, 2020-2021, 2021-2022 അക്കാദമിക വർഷം ബിരുദ – ബിരുദാനന്തര വിദ്യാർത്ഥികളിൽ നിന്ന് പരീക്ഷാ ഫൈൻ, സൂപ്പർ ഫൈൻ ഇനത്തിൽ എത്ര രൂപ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്?

**ഉത്തരം: ഡോ. ആർ. അനിത, സിൻഡിക്കേറ്റ് അംഗം**

ഓരോ അക്കാദമിക വർഷത്തെയും പരീക്ഷാ ഫൈൻ, സൂപ്പർ ഫൈൻ ഇനത്തിൽ ലഭ്യമായ തുകകൾ മാത്രമായി കണക്കാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സൗകര്യം നിലവിൽ സർവ്വകലാശാലയിൽ ഇല്ല.

**ഉപചോദ്യം: ഡോ. എ.എസ്. സുമേഷ്**

അടിയന്തിരമായി ഇത്തരം ഒരു സൗകര്യം സർവ്വകലാശാലയിൽ ലഭ്യമേക്കേണ്ടതാണ്. വിദ്യാർത്ഥികളിൽ നിന്നും വാങ്ങുന്ന ഫീസുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കേണ്ട സംവിധാനം സർവ്വകലാശാലയിൽ ഇല്ല എന്നത് ശരിയായ രീതിയല്ല. എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്?

**ഉത്തരം: ഡോ. ആർ. അനിത, സിൻഡിക്കേറ്റ് അംഗം**

സോഫ്റ്റ് വെയർ പരിഷ്കരണ സമയത്ത് ടി വിഷയവും പരിഗണിക്കുന്നതാണ്.

**ചോദ്യം: ഡോ. സജ്ജു മാത്യു**

5. 2022 ജനുവരി 31 വരെ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഏതെല്ലാം കോളേജുകൾ ആണ് ഓട്ടോണമസ് പദവിയ്ക്ക് വേണ്ടി അപേക്ഷ നൽകിയിട്ടുള്ളത്? പ്രസ്തു വിഷയത്തിൽ സർവ്വകലാശാല ഇതുവരെ എടുത്തിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

**ഉത്തരം: ശ്രീ. ഹരികൃഷണൻ പി., സിൻഡിക്കേറ്റ് അംഗം**

മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 4 കോളേജുകളാണ് സ്വയം ഭരണ പദവിക്ക് വേണ്ടിയുള്ള അപേക്ഷ സമർപ്പിച്ചിരുന്നത് .കോളേജുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു .

1. MES കോളേജ്, മാറമ്പള്ളി
2. യു സി കോളേജ്, ആലുവ
3. സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമൻ, ആലുവ
4. ഭാരത് മാതാ കോളേജ്, തൃക്കാക്കര

MES കോളേജ് മാറമ്പള്ളി, സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമൻ, ആലുവ എന്നീ കോളേജുകളിൽ നിന്നുള്ള അപേക്ഷ ടി കോളേജുകളിൽ യു.ജി.സി റഗുലേഷൻ 2018 പ്രകാരമുള്ള യോഗ്യതയുള്ളതും സർവകലാശാല അംഗീകാരം ഉള്ളതുമായ പ്രിൻസിപ്പൽമാർ ഇല്ലാത്ത സാഹചര്യത്തിൽ പരിഗണിക്കാമോ എന്നതിൽ സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിലേക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

ആലുവ, യു.സി. കോളേജിന് സ്വയം ഭരണ പദവി നല്കുന്നതിനായുള്ള അപേക്ഷയിൽ സർവകലാശാലാ സിൻഡിക്കേറ്റ് ഇൻസ്പെക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കോളേജിൽ ഇൻസ്പെക്ഷനനായി പോയിരുന്നെങ്കിലും വിദ്യാർത്ഥിസമരം കാരണം ഇൻസ്പെക്ഷൻ നടത്താൻ സാധിച്ചില്ല. തൃക്കാക്കര, ഭാരത് മാതാ കോളേജിന്റെ അപേക്ഷ ടി കോളേജിന് സർവകലാശാലാ ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള യോഗ്യത ഇല്ലെന്നു കണ്ടെത്തിയതിനാൽ നിരസിച്ചിരുന്നു.

**<u>ചോദ്യം: ശ്രീമതി. ലേഖ ജെ.</u>**

6. സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷന്റെ കീഴിൽ 13 കോഴ്സുകൾ തുടങ്ങാൻ സന്നദ്ധമാണെന്ന് സർവ്വകലാശാല അപേക്ഷിച്ചതനുസരിച്ച് യു.ജി.സി. ആയതിനുള്ള അനുമതി നൽകിയിരുന്നു. നാളിതുവരെ എത്ര കോഴ്സുകൾ തുടങ്ങി? കോഴ്സുകൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണവും നടപടികളിൽ വന്നിട്ടുള്ള കാലതാമസത്തിനു കാരണവും വ്യക്തമാക്കുമോ?

**<u>ഉത്തരം: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, സിൻഡിക്കേറ്റ് അംഗം</u>**

യു.ജി.സി.യുടെ "UGC ODL & Online Regulation 2020- പ്രകാരം 2022 മാർച്ച് 31-ന് മുൻപായി ജനുവരി സെഷനിലേക്കുള്ള പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, യു.ജി.സി.-യുടെ അംഗീകാരം ലഭിച്ച 13 പ്രോഗാമുകളിൽ ഒന്നായ എം.കോം. പ്രോഗ്രാമിന്റെ പ്രവേശനത്തിനുള്ള വിജ്ഞാപനം നമ്പർ 38866/COE 1-1/2022/COE 1 തീയതി:14.03.2022 പുറപ്പെടുവിച്ചിട്ടുള്ളതാണ്. മറ്റു പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം തുടർന്ന് വരുന്ന സെഷനുകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**<u>ചോദ്യം: ശ്രീ. നവീൻ കെ. ഫ്രാൻസിസ്</u>**

7. സർവ്വകലാശാലയുടെ കീഴിൽ ഗവേഷണം ചെയ്യുന്ന ഗവേഷകരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കണ്ടെത്തുന്നതിന് സർവ്വകലാശാല നിലവിൽ എന്ത് മാർഗ്ഗമാണ് സ്വീകരിച്ചിരിക്കുന്നത്?

**<u>ഉത്തരം: ഡോ. ബിജു പുഷ്പൻ, സിൻഡിക്കേറ്റ് അംഗം</u>**

സർവകലാശാലയുടെ കീഴിൽ ഗവേഷണം ചെയ്യുന്ന ഗവേഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ, സർവകലാശാലയിൽ പരാതി പരിഹാരത്തിനായി രൂപീകരിച്ചിട്ടുള്ള ബി.എ.എസ്.ജി. (ബോർഡ് ഓഫ് അഡ്ജുഡിക്കേഷൻ ആൻഡ് സ്റ്റുഡന്റ്സ് ഗ്രീവൻസ്) എന്ന സമിതി അന്വേഷിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്. കൂടാതെ ഡോക്ടറൽ കമ്മിറ്റി, റിസർച്ച് അഡ്വൈസറി കമ്മിറ്റി, സർവകലാശാല ഗവേഷണ സമിതി, സിൻഡിക്കേറ്റ് ഉപസമിതി (റിസർച്ച് & ഡെവലപ്മെന്റ്) എന്നീ സമിതികളും ഗവേഷകരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കണ്ടെത്തുന്നതിന് നിലവിലുണ്ട്.

**<u>ചോദ്യം: ഡോ. അലക്സ് മാത്യു</u>**

8. 2020-21 അദ്ധ്യയന വർഷം കോളേജുകളിൽ പ്രാക്ടിക്കൽ പരീക്ഷകൾക്ക് Cost of Materials ഇനത്തിൽ എത്ര രൂപാ നൽകി? External പരീക്ഷകൾ Internal ആയി

ക്രമീകരിച്ചപ്പോൾ practical പരീക്ഷകൾ നടത്തുന്ന Examiners-ന് ഈ അദ്ധ്യയന വർഷം എത്ര രൂപാ പ്രതിഫലം നൽകി?

**ഉത്തരം: ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

സർക്കാർ എയ്ഡഡ് കോളേജുകൾക്കായി നാളിതുവരെ 2020-21 അദ്ധ്യായന വർഷത്തിൽ പ്രാക്ടിക്കൽ വിഷയങ്ങളുടെ Cost of Material ഇനത്തിൽ ₹1,47,031.43 (ഒരു ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി മുപ്പത്തി ഒന്ന് രൂപ നാൽപ്പത്തി മൂന്ന് പൈസ) രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയത് സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Name of the College | CB No. | Session | Cost of Materials |
|---|---|---|---|---|
| 1 | K G College, Pampady | 1/4 | March 2020 | 5725.20 |
| 2 | K G College, Pampady | 1/4 | Sept. 2020 | 4725.75 |
| 3 | St.Peter's College, Kolenchery | 3/19 | March 2020 | 13873.10 |
| 4 | St.Peter's College, Kolenchery | 3/20 | Sept. 2020 | 19061.40 |
| 5 | Newman College,Thodupuzha | 1/20 | March 2020 | 7289.58 |
| 6 | Newman College,Thodupuzha | 1/22 | Sept. 2020 | 16104.10 |
| 7 | MES College, Nedumkandam | 1/9 | March 2020 | 1466.45 |
| 8 | MES College, Nedumkandam | 1/17 | Sept. 2020 | 775.60 |
| 9 | St.Thomas College,Pala | 3/25 | March 2020 | 22097.40 |
| 10 | St.Joseph's College, Moolamattam | 3/15 | March 2020 | 8945.60 |
| 11 | St.Joseph's College,Moolamattam | 3/33 | Sept. 2020 | 5006.75 |
| 12 | St.George's College,Aruvithura | 3/38 | March 2020 & Sept.2020 | 11723.50 |
| 13 | St.Xavier's College, | 3/37 | March 2020 | 5714.75 |

| | | | | |
|---|---|---|---|---|
| | Vaikom | | & Sept.2020 | |
| 14 | BAM College, Thuruthicadu | 2/27 | March 2020 | 12001.55 |
| 15 | B K College, Amalagiri | 2/31 | March 2020 | 12520.70 |
| 16 | Al Ameen College, Edathala | 2/40 | March 2020 | Bill with KSAD hence amount could not be collected |
| 17 | Alphonsa College, Pala | 2/39 | March 2020 | " |
| 18 | B C M College, Kottayam | 2/41 | March 2020 | " |
| | | | **Total Amount** | **147031.43** |

cost of materials ആവശ്യപ്പെട്ടുകൊണ്ട് 2 അൺഎയ്ഡഡ് കോളേജുകൾ മാത്രമാണ് ബിൽ സമർപ്പിച്ചിട്ടുള്ളത്. രണ്ട് കോളേജുകൾക്ക് ആകെ 31,873.60/- രൂപ cost of materials ഇനത്തിൽ നൽകിയിട്ടുണ്ട്.

| **Name of College** | **Session** | **Cost of Materials (Amount in Rupees)** |
|---|---|---|
| Presentation college of Applied Sciences, Puthenvelikkara, Ernakulam. | September 2020 | 10,543.20 |
| Indiragandhi College of Arts & Science, Nellikkuzhi, Kothamangalam, Ernakulam. | March 2020 | 9,418.50 |
| Indiragandhi College of Arts & Science, Nellikkuzhi, Kothamangalam, Ernakulam. | September 2020 | 11,911.90 |
| **Total** | | **31,873.60** |

സർവകലാശാലയിൽ External പരീക്ഷകൾ Internal ആയി ക്രമീകരിച്ചപ്പോൾ പ്രായോഗിക പരീക്ഷകൾ നടത്തുന്ന Examiners-ന് പ്രതിഫല ഇനത്തിൽ '22 201 36' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും 2020-21 അദ്ധ്യയന വർഷത്തിൽ ₹55,8029/- (അഞ്ചുലക്ഷത്തി അൻപത്തെണ്ണായിരത്തി ഇരുപത്തിയൊൻപത് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 അധ്യയന വർഷത്തിൽ നടക്കേണ്ട വിവിധ സർവകലാശാല പ്രായോഗിക പരീക്ഷകൾ 2021 -22 അദ്ധ്യയന വർഷത്തിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ നാളിതുവരെ ₹46,1252/- (നാല് ലക്ഷത്തി അറുപത്തിയൊന്നായിരത്തി ഇരുന്നൂറ്റിഅൻപത്തിരണ്ട് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

**ഉപചോദ്യം: ശ്രീ. ജോജി അലക്സ്**

കോസ്റ്റ് ഓഫ് മെറ്റീരിയൽ സംബന്ധിച്ച് അനുവദിക്കുന്ന തുക പഴയതാണ്. കാലത്തിനനുസരിച്ച് തുക പരിഷ്കരിക്കേണ്ടതല്ലേ?

വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**ചോദ്യം: ഡോ. ആൾസൺ മാർട്ട്**

9. മഹാത്മാഗാന്ധി സർവ്വകലാശാല സെനറ്റിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് സർവ്വകലാശാല ആക്റ്റിലെ സെക്ഷൻ 43 പ്രകാരം നടത്തപ്പെടേണ്ടതാണ്. പക്ഷെ വിജ്ഞാപനം ഇറങ്ങിയതിനു ശേഷം ബാലറ്റു മാതൃകയിലും തിരഞ്ഞെടുപ്പ് പ്രക്രിയയിലും വ്യത്യാസം വരുത്തിയത് എന്ത് മാനദണ്ഡങ്ങൾ അനുസരിച്ചാണ്? അതിൻെറ വിശദ വിവരങ്ങൾ ലഭ്യമാക്കുക?

**ഉത്തരം: ശ്രീ. ജസ്റ്റിൻ ജോസഫ്, സിൻഡിക്കേറ്റ് അംഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സെനറ്റിലേക്കുള്ള വിദ്യാർഥിപ്രതിനിതികളുടെ തെരഞ്ഞെടുപ്പ് സർവ്വകലാശാലാ ആക്റ്റിലെ സെക്ഷൻ 43 പ്രകാരം തന്നെയാണ് നടത്തപ്പെട്ടത്. പ്രസ്തുത തെരഞ്ഞെടുപ്പിന്റെ ബാലറ്റ് പേപ്പർ മാതൃകയിലോ തെരഞ്ഞെടുപ്പ് പ്രക്രിയയിലോ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

**ചോദ്യം: കുമാരി. ഐശ്വര്യ ടി.എസ്.**

10. സർവ്വകലാശാല ക്യാമ്പസ് യൂണിയൻ മാഗസിൻ പ്രവർത്തനത്തിന് കാലിക്കറ്റ് സർവ്വകലാശാലയിലേതിനു സമാനമായി ധനസഹായം അനുവദിക്കുന്നതിന് എന്താണ് തടസ്സം?

ചോദ്യകർത്താവ് സഭയിൽ ഹാജരാകാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ചോദ്യം: ശ്രീ. ഫെബ്ബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്**

11. 2020-21 അക്കാദമിക വർഷത്തിലും, അതുവരെയും, റീവാല്യുവേഷൻ, സപ്ലിമെന്ററി റിസൾട്ടുകൾ പ്രസിദ്ധീകരിക്കാൻ എത്ര എണ്ണം ബാക്കിയുണ്ട്?

**ഉത്തരം: ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

Revaluation

| Course | No. of Pending results | Total Pending in Section |
|---|---|---|
| B.Tech | 93 | 98 |
| B.Arch | 5 | |

| | | |
|---|---|---|
| B.Sc | 9 | 13 |
| B.Com ( Private ) | 4 | |
| MHRM | 1 | 1 |
| MA Economics | 1 | 6 |
| BBA | 5 | |
| TOTAL | | 118 |

| Courses | No. of Pending results | Total Pending in Section |
|---|---|---|
| B.Com (Sem 3,4,5- Regular) | 22 | 28 |
| M.Com | 1 | 14 |
| M.Sc | 10 | 67 |
| B.Sc (Sem 1,3,4,5) | Nil | Nil |
| B.Com (Sem 1,2,6- Regular) | 1 | 9 |
| BA | 794 | 806 |
| **Total** | | **924** |

**SUPPLEMENTARY RESULTS- PG**

Pending Result of Supplementary Examinations held in the Academic Year 2020-2021 w.r.t MA, M.Sc, M.Com, B.Ed Sections.

1. IV Sem MA/M.Sc/M.Com Supplementary Examination July 2021 (held in Dec 2021)
2. I&II MA/M.Sc/M.Com Supplementary Examination April 2021 ((held in Oct 2021)

3. III&IV Sem M.Sc Supplementary/ Mercy Chance Examinations Nov 2020 - Work Related to Publication of Results in Final Stage
4. I Sem B.Ed Examination (Regular & Supplementary) October 2021 - (Work relating to publication of result in Final Stages)

## SUPPLEMENTARYRESULTS-UG

പരീക്ഷാ ടൈം ടേബിൾ പ്രകാരം 2020-21 അക്കാദമിക വർഷത്തിലും അതുവരെയും ഫലം പ്രസിദ്ധീകരിക്കാൻ ബാക്കിയുള്ള പരീക്ഷകളുടെ എണ്ണം :0

പരീക്ഷാ ടൈം ടേബിൾ പ്രകാരം 2021-2022 അക്കാദമിക വർഷം ഫലം പ്രസിദ്ധീകരിക്കാൻ ബാക്കിയുള്ള പരീക്ഷകളുടെ വിശദശാംശങ്ങൾ ചുവടെ ചേർക്കുന്നു

1. V SEMESTER CBCS (2019 ADMISSION REGULAR/ 2017 & 2018 ADMISSION REAPPEARANCE) UNDER GRADUATE EXAMINATIONS – JANUARY 2022

2. II Semester CBCS (New Scheme 2020 Admission Regular/ 2019 Admission Improvement/Reappearance , 2018, 2017 Admissions Reappearance) II Semester Cyber Forensic (CBCS 2020 Admission Regular/2019 Admission Improvement/Reappearance UNDER GRADUATE EXAMINATIONS, DECEMBER 2021

3. I SEMESTER CBCSS UNDER GRADUATE EXAMINATIONS (2013-2016 ADMISSIONS REAPPEARANCE) and I SEMESTER B.Sc. CYBER FORENSIC (2014 -2018 Admissions Reappearance), NOVEMBER 2021

4. IV SEMESTER CBCS ( 2019 ADMISSION REGULAR) &IV SEMESTER CBCS CYBER FORENSIC (2019 ADMISSION REGULAR ) UNDER GRADUATE EXAMINATIONS OCTOBER 2021

5. III SEMESTER CBCSS (2013 TO 2016 ADMISSIONS REAPPEARANCE) AND III SEMESTER CBCSS B.SC. CYBER FORENSIC (2014-2018 ADMISSIONS REAPPEARANCE) UNDERGRADUATE EXAMINATIONS SEPTEMBER 2021

6. IV SEMESTER CBCSS (2013-2016 ADMISSIONS REAPPEARANCE UNDERGRADUATE EXAMINATIONS, SEPTEMBER 2021

**ചോദ്യം: ഡോ. ആൾസൺ മാർട്ട്**

12. സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ പരീക്ഷാ നടത്തിപ്പ് പുതുക്കിയ രീതിയനുസരിച്ച് ചോദ്യപേപ്പർ പ്രിന്റെടുക്കുന്നത് മുതലുള്ള നടപടിക്രമങ്ങൾ അതാത് കോളേജുകളെ ഏൽപ്പിച്ചിരിക്കുകയാണ്. ഇതു വഴി കോളേജുകളിലെ അധ്യാപക അനധ്യാപക ജീവനക്കാരുടെ ജോലി ഭാരം വർദ്ധിക്കുകയും അതിനേക്കാളുപരി പരീക്ഷാ

നടത്തിപ്പിൻെറ സുതാര്യത തന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യമാണുള്ളത്. പ്രസ്തുത വിഷയത്തിൽ എന്ത് ക്രമീകരണമാണ് സർവ്വകലാശാല നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

**ഉത്തരം: ഡോ. ആർ. അനിത, സിൻഡിക്കേറ്റ് അംഗം**

പരീക്ഷാ നടത്തിപ്പിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനായാണ് 2018-2019 അദ്ധ്യയനവർഷം മുതൽ സർവകലാശാലാ പരീക്ഷകൾ പുതുക്കിയ രീതിയിൽ ഓൺലൈനായി നടത്തുന്നത്. ഇപ്രകാരം പരീക്ഷ കോളേജുകളിൽ നടത്തുന്നതിന്റെ പൂർണ്ണചുമതല അതാത് കോളേജുകളിലെ പ്രിൻസിപ്പൽമാർക്കാണ്. പരീക്ഷയുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ പരീക്ഷ നടത്തുക എന്നത് പ്രിൻസിപ്പൽമാരുടെ ഉത്തരവാദിത്വമാണ്.

**ചോദ്യം: ശ്രീ. വിനീഷ് കെ.എ.**

13. യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള പോർട്ടൽ വിജ്ഞാപനം വന്നു എത്ര ദിവസത്തിനുള്ളിലാണ് ഓപ്പൺ ചെയ്യുന്നത്? രജിസ്ട്രേഷൻ പോർട്ടൽ നോട്ടിഫിക്കേഷൻ തീയതി മുതൽ തുറന്നുകൊടുക്കുന്നതിനു സാങ്കേതിക ബുദ്ധിമുട്ടുണ്ടോ? സപ്ലിമെന്ററി/ഇമ്പ്രൂമെന്റ് പരീക്ഷകളുടെ വിജ്ഞാപനത്തിൽ കൊടുത്തിരിക്കുന്ന തുകയും ഓൺലൈനിൽ കാണിക്കുന്ന തുകയും തമ്മിൽ വ്യത്യാസമുണ്ടാകുന്ന സാഹചര്യം നിലനിൽക്കെ, ഇതുമൂലം രജിസ്ട്രേഷൻ നടപടികളിൽ കോളേജ് അധികൃതർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ വിജ്ഞാപന തീയതി മുതൽ പോർട്ടൽ തുറന്നു കൊടുക്കാവുന്നതല്ലേ?

ചോദ്യകർത്താവ് സഭയിൽ ഹാജരാകാതിരുന്നതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ചോദ്യം: കുമാരി. ഐശ്വര്യ ടി.എസ്.**

14. സർവ്വകലാശാല Application Form- Online സേവനങ്ങളിൽ Gender രേഖപ്പെടുത്തുന്ന ഘട്ടത്തിൽ Transgender or other എന്നതു കൂടി രേഖപ്പെടുത്താനുള്ള കോളം ഉൾപ്പെടുത്തുക. അതോടൊപ്പം ട്രാൻസ്ജെൻഡേർസിനെ ഉന്നതവിദ്യാഭ്യാസത്തിൻെറയും നമ്മുടെ ക്യാമ്പസിൻെറയും ഭാഗമാക്കുന്നതിന് റിസർവേഷൻ അടക്കമുള്ള കാര്യങ്ങൾ ഏർപ്പെടുത്തി നമ്മുടെ ക്യാമ്പസിനെ ട്രാൻസ്ജെൻഡർ സൗഹൃത ക്യാമ്പസാക്കി മാറ്റാനുള്ള ഇടപെടൽ നടത്തുമോ?

ചോദ്യകർത്താവ് സഭയിൽ ഹാജരാകാതിരുന്നതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ചോദ്യം: ശ്രീ. ജോൺ എം. ജോർജ്ജ്**

15. റീവാല്യുവേഷൻ/സ്ക്രൂട്ടണി വഴി മാർക്ക് കൂടുതൽ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ ഫീസ് തിരികെ നൽകാൻ നിയമം ഉണ്ടോ? ഉണ്ടെങ്കിൽ അത് കൃത്യമായി പാലിക്കാറുണ്ടോ?

**ഉത്തരം: ഡോ. ആർ. അനിത, സിൻഡിക്കേറ്റ് അംഗം**

07.07.2012 തിയതിയിലെ വിജ്ഞാപനം നം. Ac.L/1/R/RV/2012/105 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയം/സ്ക്രൂട്ടിണി സംബന്ധിച്ച റെഗുലേഷൻസ് (No.8) പ്രകാരം, ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയം/സ്ക്രൂട്ടിണി എന്നിവ നടത്തുന്നതിനായി ഒരിക്കൽ ഒടുക്കിയ ഫീസ് തിരികെ നൽകുന്നതല്ല.

**ഉപചോദ്യം: ശ്രീ. സജിത്ത് ബാബു എസ്.**

റീവാല്യുവേഷൻ/സ്കൂട്ടണി വഴി മാർക്ക് കൂടുതൽ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ ഫീസ് തിരികെ നൽകുവാൻ സർവ്വകലാശാല തീരുമാനിക്കുമോ?

**ഉത്തരം: ഡോ. ആർ. അനിത, സിൻഡിക്കേറ്റ് അംഗം**

റീവാല്യുവേഷൻ/സ്കൂട്ടണി വഴി മാർക്ക് കൂടുതൽ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ ഫീസ് തിരികെ നൽകുന്ന വിഷയം ചർച്ച ചെയ്തു തീരുമാനിക്കുന്നതാണ്.

**ചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ**

16. 02.12.2021-ൽ കോളേജ് ജീവനക്കാരുടെ സംഘടനകളുമായി സർവ്വകലാശാല അധികാരികൾ നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ എന്തെല്ലാമാണ്? പ്രസ്തുത തീരുമാനങ്ങളിൽ നടപ്പാക്കിയ എന്തെല്ലാം?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

1.സർവ്വകലാശാല പരീക്ഷകളുടെ അപേക്ഷകൾ സർവ്വകലാശാലയിൽ എത്തിക്കുന്നതിന്,അവസാന തീയതി കഴിഞ്ഞു രണ്ടു പ്രവർത്തി ദിവസങ്ങൾ കൂടി കോളേജുകൾക്ക് അനുവദിക്കാൻ തീരുമാനിച്ചു. നിലവിൽ ഭൂരിഭാഗം പരീക്ഷയുടെയും അപേക്ഷകൾ ഓൺലൈൻ വഴിയാണ് സർവ്വകലാശാല സ്വീകരിക്കുന്നത്.കൂടാതെ internal പരീക്ഷകളുടെ അപേക്ഷകൾ സർവ്വകലാശാലയിൽ എത്തിക്കുന്നതിന് 10 ദിവസം സമയ പരിധി കൊടുത്തിരിക്കുന്നു.

2.പരീക്ഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അനധ്യാപക ജീവനക്കാർക്ക് വർക്ക് ഷെഡ്യൂളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് പ്രൊപോസൽ സമർപ്പിക്കാൻ തീരുമാനിച്ചു. ഇതിന്മേലുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്.

**ഉപചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ**

സർവ്വകലാശാല തെറ്റായ വിവരങ്ങളാണ് ഇവിടെ സമർപ്പിച്ചിരിക്കുന്നത്. ഏതാനും ദിവസങ്ങൾക്ക് മുൻപ് നടന്ന പരീക്ഷകൾക്കുപോലും 2 ദിവസത്തെ സാവകാശം പോലും നൽകിയിട്ടില്ല. ജീവനക്കാരുടെ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കുന്ന ടി വിഷയം സെനറ്റ് ചർച്ച ചെയ്യുമോ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാല പരീക്ഷകളുടെ അപേക്ഷകൾ സർവ്വകലാശാലയിൽ എത്തിക്കുന്നതിന്,അവസാന തീയതി കഴിഞ്ഞു രണ്ടു പ്രവൃർത്തി ദിവസങ്ങൾ കൂടി കോളേജുകൾക്ക് അനുവദിക്കാൻ തീരുമാനിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് നടപടി എടുക്കുന്നതാണ്.

**ചോദ്യം: ശ്രീ. മുഹമ്മദ് അബ്ബാസ്**

17. പരീക്ഷ കഴിഞ്ഞ് ക്യാമ്പ് അടിസ്ഥാനത്തിൽ വാല്യുവേഷൻ നടപടികൾ ചെയ്യാറുണ്ട്? എന്നാൽ റിസൽട്ട് ഒരു വർഷത്തോളം വൈകുന്നു. എന്താണ് കാരണം?

**ഉത്തരം: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, സിൻഡിക്കേറ്റ് അംഗം**

ക്യാമ്പുകളിൽ ചില പ്രത്യേക വിഷയങ്ങളിൽ ആവശ്യത്തിന് അധ്യാപകരെ ലഭിക്കാത്തതു മൂല്യനിർണയത്തിന് കാലതാമസം നേരിടുന്ന സാഹചര്യം ഉണ്ടാക്കുന്നുണ്ട്.ക്യാമ്പുകളിൽ മൂല്യകർത്താക്കളുടെ അഭാവം, സമയബന്ധിതമായി മൂല്യനിർണയം നടത്തി ഉത്തരക്കടലാസുകൾ ലഭ്യമാകുന്നതിലെ താമസം എന്നിവയും പരീക്ഷാഫലപ്രഖ്യാപനം വൈകുന്നതിന് കാരണം ആകുന്നു.

നിലവിൽ നടക്കുന്ന മൂല്യനിർണയ ക്യാമ്പുകളിൽ വിവിധ പരീക്ഷകളുടെ മൂല്യനിർണയം പൂർത്തിയാക്കി മാർക്ക്ഷീറ്റുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തിക്കുന്നുണ്ട്. എന്നാൽ ചില അവസരങ്ങളിൽ മാർക്ക് എൻട്രി പൂർത്തിയാക്കിയതിനു ശേഷം പോർട്ടലുകളിൽ വരുന്ന സാങ്കേതിക പ്രശ്നങ്ങൾ ഫലപ്രഖ്യാപനത്തെ ബാധിക്കുന്നുണ്ട്. സോഫ്റ്റ് വെയർ സംബന്ധിച്ചുള്ള സാങ്കേതിക പ്രശ്നങ്ങൾ ഡാറ്റ എൻട്രി ജോലികളെ പ്രതികൂലമായി ബാധിക്കുന്നത് ഫലപ്രഖ്യാപനത്തെ വൈകിപ്പിക്കുന്നുണ്ട്.

**ഉപചോദ്യം: ശ്രീ. മുഹമ്മദ് അബ്ബാസ് എസ്.**

നിലവിലെ സ്ഥിതി വിദ്യാർത്ഥികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കുന്ന സാഹചര്യമാണ്. റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം പരിഹരിക്കേണ്ടതാണ്?

**ഉത്തരം: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, സിൻഡിക്കേറ്റ് അംഗം**

കോവിഡ് പ്രശ്നങ്ങളും സോഫ്റ്റ് വെയറിലെ തകരാറുകളും കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്. എന്നാ റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉപചോദ്യം: ശ്രീ. സജിത്ത് ബാബു എസ്.**

ക്യാമ്പുമായി ബന്ധപ്പെട്ട ഓർഡർ ഇറക്കുമ്പോൾ ഗസ്റ്റ് അധ്യപകർ അടക്കമുള്ള എല്ലാവരും തന്നെ റിലീവ് ചെയ്ത് ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. എന്നാൽ ചില വിഷയങ്ങളിൽ മൂല്യനിർണ്ണയം പൂർത്തിയാകാത്ത സാഹചര്യം ഉണ്ട്. ഉത്തരം വിഷയങ്ങൾ എങ്ങനെയാണ് ഉണ്ടാകുന്നത്?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി.**

റഗുലർ/പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് ഒരുമിച്ചാണ് സർവ്വകലാശാല പരീക്ഷ നടത്തുന്നത്. ചില വിഷയങ്ങളിൽ അധ്യാപകരുടെ കുറവാണ് ഇത്തരം സാഹചര്യങ്ങൾക്ക് കാരണം.

**ചോദ്യം: ഡോ. ജീ ജി.**

18. 2019-20,2020-21,2021-22 അക്കാദമിക വർഷം സ്പോർട്ട്സ് അഫിലയേഷൻ ഫീസ് ഇനത്തിൽ എത്ര രൂപ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും എത്ര രൂപ കായിക വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ ചിലവഴിച്ചിട്ടുണ്ട്?

**ഉത്തരം: ഡോ. ബാബു മൈക്കിൾ, സിൻഡിക്കേറ്റ് അംഗം**

സ്പോർട്ട്സ് അഫിലിയേഷൻ ഫീസ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (രൂപ) | ചിലവാക്കിയ തുക (രൂപ) |
|---|---|---|
| 2019-20 | 2,73,35,577 | 67,92,932 |
| 2020-21 | 3,10,05,030 | 15,80,000 |
| 2021-22 | 2,85,58,740 | 66,83,679 |

**ഉപചോദ്യം: ഡോ. ജീ ജി.**

എന്തു കൊണ്ടാണ് ഇത്രയധികം തുക ലഭിച്ചിട്ടും സർവ്വകലാശാല അത് ഫലപ്രദമായി ഉപയോഗിക്കാത്തത്?

വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**ചോദ്യം: ഡോ. സിറിയക് ജോസ്**

19. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2020-2021,2021-2022 വർഷങ്ങളിൽ ഫാസ്റ്റ് ട്രാക്കിൽ യു.ജി., പി.ജി. സർട്ടിഫിക്കറ്റുകൾ നേടുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു? എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചു? ഇതുവരെയും സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കാത്ത അപേക്ഷകളുടെ എണ്ണം എത്ര?

**ഉത്തരം: ഡോ. ബിജു പുഷ്പൻ, സിൻഡിക്കേറ്റ് അംഗം**

| | | | |
|---|---|---|---|
| 2020-2021 | ലഭിച്ച അപേക്ഷകൾ (Fast track - UG/PG) | തീർപ്പുകൽപ്പിച്ചവ | ബാക്കിയുള്ളവ |
| | **29528** | **25509** | **4019** |
| 2021-2022 | ലഭിച്ച അപേക്ഷകൾ (Fast track - UG/PG) | തീർപ്പുകൽപ്പിച്ചവ | ബാക്കിയുള്ളവ |
| | **16517** | **9732** | **6785** |

**ഉപചോദ്യം: ഡോ. സിറിയക് ജോസ്**

ഫാസ്റ്റ് ട്രാക്ക് അപേക്ഷകളിൽ വളരെ വേഗം സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് കിട്ടുന്ന സാഹചര്യം ഉണ്ടാകുമോ?

സർട്ടിഫിക്കറ്റ് വളരെ വേഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**ചോദ്യം: ഡോ. സുമി ജോയ് ഓലിയപ്പുറം**

20. സർവ്വകലാശാല നടത്താൻ തീരുമാനിച്ചിട്ടുള്ള ഓൺലൈൻ പ്രോഗ്രാമുകൾക്കായി റഗുലേഷൻ തയ്യാറാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെങ്കിലും അക്കാദമിക സമിതി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ റെഗുലേഷൻ രൂപീകരിച്ചിരിക്കുന്നത്? പ്രസ്തുത സമിതിയിൽ അഫിലിയേറ്റഡ് കോളേജുകളുടെ പ്രതിനിധികൾ ആരൊക്കെയായിരുന്നു? കോളേജുകളിൽ നിലനിൽക്കുന്ന ബിരുദ - ബിരുദാനന്തര പ്രോഗ്രാമുകളുടെ റെഗുലേഷനുമായി, ഏതൊക്കെ കാര്യങ്ങളിലാണ് ഓൺലൈൻ വിദ്യാഭ്യാസ പരിപാടികളുടെ റെഗുലേഷനിൽ മാറ്റം വരുത്തിയിട്ടുള്ളത്?

**ഉത്തരം: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, സിൻഡിക്കേറ്റ് അംഗം**

ഓൺലൈൻ പ്രോഗ്രാമുകൾക്കായുള്ള റെഗുലേഷൻ അക്കാഡമിക് കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10 (17) പ്രകാരം ബഹുമാനപ്പെട്ട വൈസ് ചാൻസലർ 18/03/2022 തീയതിയായി അംഗീകരിച്ചിട്ടുള്ളതാണ്. 11/08/2021-ന് വൈസ് ചാൻസലറുടെ ചേമ്പറിൽ കൂടിയ DASP എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും COE ഹൈ ലെവൽ അഡ്ഹോക് കമ്മിറ്റിയുടെയും സംയുക്ത യോഗത്തിന്റെ നിർദ്ദേശ പ്രകാരം സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ ആരംഭിക്കുന്ന ഓൺലൈൻ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളുടെ റെഗുലേഷൻ തയ്യാറാക്കുന്നതിന്റെ നടപടികൾ

വേഗത്തിലാക്കുവാൻ COE ഡയറക്ടറെ ചുമതലപെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ഈ പ്രോഗ്രാമുകൾക്ക് ബാധകമായ "UGC ODL & Online Regulation 2020"-ഉം,UG / PG റെഗുലേഷനുകളും ഇത് സംബന്ധിച്ചുള്ള സർവ്വകലാശാല ഉത്തരവ് നമ്പർ 1303/AD A 7/2022/എം.ജി.യു. തീയതി:08.02.2022-ഉം സമന്വയിപ്പിച്ചാണ് റെഗുലേഷന്റെ കരട് തയ്യാറാക്കിയിട്ടുള്ളത്.

അക്കാഡമിക് കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റിയിൽ അഫിലിയേറ്റഡ് കോളേജുകളുടെ പ്രതിനിധികൾ ഇല്ല.

ടീച്ചിങ് ആൻഡ് ലേർണിംഗ്, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിൽ റെഗുലർ പ്രോഗ്രാമുകളുടേതിൽ നിന്നും വ്യത്യസ്തമായ മാർഗങ്ങളാണ് യുജിസി നിഷ്കർഷിച്ചിട്ടുള്ളത്. ഇവ റെഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഉപചോദ്യം: ഡോ. സുമി ജോയ് ഓലിയപ്പുറം**

അക്കാഡമിക് കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റിയിൽ അഫിലിയേറ്റഡ് കോളേജുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

അക്കാഡമിക് കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റിയിൽ പ്രതിനിധികളെ ഉൾപ്പെടുത്തുന്നത് സർവ്വകലാശാല ആക്ട് അനുസരിച്ചിട്ടാണ്.

**ചോദ്യം: ശ്രീ. ഇമ്മാനുവൽ എ.ജെ.**

21. 2022-23 വർഷത്തെ യു.ജി., പി.ജി., വിദ്യാർത്ഥികൾക്ക് (2022 അഡ്മിഷൻ) പരിഷ്കരിക്കാൻ പോകുന്ന സിലബസ് ബാധകമാക്കുമോ? ഇതുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾക്കും ശിൽപശാലകൾക്കും ഉള്ള തീയതികൾ നിശ്ചയിച്ചിട്ടുണ്ടോ?

**ഉത്തരം: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, സിൻഡിക്കേറ്റ് അംഗം**

യു.ജി. സിലബസ് പരിഷ്ക്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാലാ ഉത്തരവ് നം.3464/AC A9/2021 dated 25/7/2021 പുറപെടുവിച്ചിരുന്നു. 2021-22 അദ്ധ്യയന വർഷം ആരംഭിച്ചിരുന്നതിനാൽ ടി അദ്ധ്യയന വർഷം പരിഷ്ക്കരണം സാധ്യമായില്ല. കൂടാതെ കോവിഡ് സാഹചര്യം നിലനിന്നിരുന്നതിനാൽ യോഗങ്ങൾക്കുള്ള നിയന്ത്രണങ്ങളാലും മറ്റ് സാങ്കേതിക കാരണങ്ങളാലും 2022-23 അദ്ധ്യയന വർഷവും പരിഷ്ക്കരണ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. 2023-24 അദ്ധ്യയന വർഷം ബാധകമായി മാത്രമേ പരിഷ്ക്കരിച്ച സിലബസിൽ അദ്ധ്യയനം സാധ്യമാകുകയുള്ളൂ.

പി.ജി പ്രോഗ്രാമുകളുടെ സിലബസ് 2019-20 അദ്ധ്യയന വർഷം മുതൽ പരിഷ്ക്കരിച്ച സിലബസിലാണ് നടന്നു വരുന്നത്. അതിനാൽ തന്നെ പി.ജി പ്രോഗാമുകളുടെ സിലബസ് നവീകരണ നടപടികൾക്ക് ഉത്തരവായിട്ടില്ല.

സിലബസ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ചർച്ചകൾക്കും ശില്പശാലകൾക്കും ഉള്ള തീയതികൾ ഒന്നും തന്നെ നിശ്ചയിക്കപ്പെട്ടിട്ടില്ല.

**ചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ**

22. സർവ്വകലാശാലയിൽ എത്തുന്ന വിവിധങ്ങളായ അപേക്ഷകൾ തീർപ്പാക്കുന്നതിൽ പ്രത്യേകം പ്രത്യേകം സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ?

**ഉത്തരം: ഡോ. ബിജു പുഷ്പൻ, സിൻഡിക്കേറ്റ് അംഗം**

അപേക്ഷകൾ തീർപ്പാക്കുന്നതിൽ, മഹാത്മാഗാന്ധി സർവ്വകലാശാല പിന്തുടരുന്നത് സെക്രട്ടേറിയേറ്റ് ഓഫീസ് മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ള സമയ പരിധിയാണ്.

**ഉപചോദ്യംഃ ശ്രീ. ജേക്കബ് സി. നൈനാൻ**

സർവ്വകലാശാലയിലും സെക്രട്ടേറിയേറ്റിലും വരുന്നവരുടെ ആവശ്യങ്ങൾ വ്യത്യസ്തമാണ് ആയതിനാൽ സർവ്വകലാശാലയിൽ വരുന്ന അപേക്ഷകളിൽ സമയപരിധി നിശ്ചയിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക?

**ഉത്തരംഃ ഡോ. ബിജു പുഷ്പൻ, സിൻഡിക്കേറ്റ് അംഗം**

പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**ചോദ്യം: ശ്രീ. വസന്ത് ശ്രീനിവാസ്**

23. സർവ്വകലാശാല മെയിൻ ക്യാമ്പസിലെ സ്റ്റുഡന്റ്സ് ഗ്രീവൻസ് സെല്ലിലെ പരാതി തീർപ്പാക്കുന്നതിൽ അനിയന്ത്രിതമായ കാലതാമസം നേരിടുന്നുണ്ട്. ഇവ പരാതിക്കാരനായ വിദ്യാർത്ഥിക്ക് ആവശ്യമായ സമയത്ത് പ്രസ്തുത പരിഹാരം ലഭ്യമാക്കുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ പരാതി ലഭിച്ചതിനു ശേഷം നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ അതു സംബന്ധിച്ച പരിഹാരം കണ്ടെത്താനും നിലവിലെ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും എന്ത് നടപടിയാണ് സ്വീകരിക്കാനാകുക?

ചോദ്യകർത്താവ് സഭയിൽ ഹാജരാകാതിരുന്നതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ചോദ്യം: ഡോ. ജോജി ജോൺ പണിക്കർ**

24. എയ്ഡഡ് കോളേജുകളിൽ അധ്യാപക-അനധ്യാപക നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകളിലേക്ക് സർവ്വകലാശാല വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാക്കി അക്കാദമിക് കൗൺസിലിൻെറ അംഗീകാരം തേടിയിട്ടുണ്ടോ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

അഫിലിയേറ്റഡ് എയ്ഡഡ് കോളേജുകളിലെ അധ്യാപക നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് GO(Ms)No.96/2021/HEDN തീയതി 15.02.2021 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് സ്റ്റാട്യൂട്ടിൽ മതിയായ ഭേദഗതികൾ വരുത്തുവാൻ തീരുമാനിച്ചുകൊണ്ട് നം.1731/ACA1/2022/എം.ജി.യു തീയതി 19.02.2022 ആയി സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം നടപടികൾ കൈക്കൊണ്ടുവരുന്നു.

**ചോദ്യം: ഡോ. അജിത് ജയിംസ് ജോസ്**

25. പതിനഞ്ചാം കേരള നിയമസഭ ബിൽ നമ്പർ-45 കേരള സ്വാശ്രയ കോളേജ് അധ്യാപക അനധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) തീയതി 25.09.2021 അനുസരിച്ച് എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള (Aided, Autonomous, Self financing) കോളേജുകളിൽ അധ്യാപനം നടത്തുന്ന സെൽഫ് ഫിനാൻസിങ് അധ്യാപകരുടെ നിയമനം, സേവന-വേതന വ്യവസ്ഥകൾ, പ്രവൃത്തിപരിചയം, പ്രമോഷൻ, അധ്യാപരുടെ Designation തുടങ്ങിയ കാര്യങ്ങൾക്ക് വ്യക്തത വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർവ്വകലാശാല സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിൽ വരുന്ന സ്വാശ്രയ കോളേജുകളിൽ പ്രസ്തുത ബിൽ നടപ്പിലാക്കാൻ നടപടിയെടുക്കണമെന്ന സെല്ഫ് ഫിനാൻസിങ് കോളേജ് ടീച്ചേഴ്സ് ആൻഡ് സ്റ്റാഫ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റിയുടെ അപേക്ഷ പരിഗണിച്ച് സർവകലാശാലയുടെ കീഴിൽ വരുന്ന സ്വാശ്രയ കോളേജുകൾക്ക് ബാധകമായ റെഗുലേഷനുകൾ രൂപീകരിക്കുന്ന വിഷയം അക്കാദമിക് കൗൺസിലിൻറെ പരിഗണനയ്ക്ക് സമർപ്പിക്കാൻ 31.01.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനിക്കുകയും തദനുസരണം സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് (സ.ഉ.ന.2253ACA7/2022/MGU, Dtd.03.03.2022).

**ചോദ്യം: ഡോ. അനസ് എസ്.**

26. സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി ജോലിയിൽ പ്രവേശിക്കുന്ന അധ്യാപകർക്ക് യു.ജി.സി. നിഷ്കർഷിച്ച് കേരള സർക്കാർ അനുമതി നൽകിയ അഡ്വാൻസ് ഇൻക്രിമെൻറ് നൽകുന്നത് വൈകുന്നതിൻെറ കാരണം വ്യക്തമാക്കുക?

**ഉത്തരം: ഡോ.എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

2010 റെഗുലേഷൻസിന്റെ അടിസ്ഥാനത്തിലുള്ള വിജ്ഞാപനപ്രകാരം 17.08.2018 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച അധ്യാപകർക്ക് 2010 റെഗുലേഷൻസിന്റെ അടിസ്ഥാനത്തിൽ ടി

ഇൻക്രിമെന്റ് അനുവദനീയമാണോ എന്ന വിഷയത്തിൽ കേരള സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടിയിട്ടുണ്ട്. ആയതിന്റെ മറുപടി ലഭിക്കുന്ന മുറയ്ക്ക് മേൽ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ഉപചോദ്യം: ഡോ. ബിജു പി.ആർ.**

കൃത്യമായി ഓഡർ ഉണ്ടായിട്ടും എന്തിന് സർവ്വകലാശാല സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടി? എന്തുകൊണ്ട് സർവ്വകലാശാലയ്ക്ക് തീരുമാനം എടുക്കാൻ സാധിച്ചില്ല.

**ഉത്തരം: പ്രൊഫ. ഹരികൃഷ്ണൻ പി.**

കേരള സർക്കാരിൽ നിന്നും സ്പഷ്ടീകരണം വാങ്ങി മാത്രമേ 2010 റെഗുലേഷൻസിന്റെ അടിസ്ഥാനത്തിലുള്ള വിജ്ഞാപനപ്രകാരം 17.08.2018 നു ശേഷം സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് 2010 റെഗുലേഷൻസിന്റെ അടിസ്ഥാനത്തിൽ ടി ഇൻക്രിമെന്റ് അനുവദനീയമാണോ എന്ന് തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

**ചോദ്യം: ഡോ. അലക്സ് മാത്യു**

27. സർവ്വകലാശാല പഠന വകുപ്പുകൾ Ph.D-ക്ക് 2019,2020 എന്നീ വർഷങ്ങളിൽ Register ചെയ്തവരുടെ കോഴ്സ് വർക്ക് പരീക്ഷകൾ പൂർത്തിയായോ? ഇതിൻെറ ഫലം എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ സാധിക്കും?

**ഉത്തരം: ഡോ. ബിജു പുഷ്പൻ, സിൻഡിക്കേറ്റ് അംഗം**

2019 ബാച്ച് Ph.D Course work പരീക്ഷയുടെ, സ്കൂൾ ഓഫ് ലെറ്റേഴ്സ് ഒഴികെയുള്ള പഠനവകുപ്പുകളിലെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നും റിസൾട്ട് ലഭ്യമാകുന്ന മുറക്ക് ആയതിന്റെ പരീക്ഷാഫലവും പ്രസിദ്ധീകരിക്കുന്നതാണ്. 2020 ബാച്ച് കോഴ്സ് വർക്ക് 2021 സെപ്റ്റംബറിൽ തുടങ്ങി 2022 മാർച്ചിൽ പൂർത്തിയായി വരുന്നു.

**ചോദ്യം: ഡോ. ബിജു പി.ആർ.**

28. സർവ്വകലാശാല പരീക്ഷ വിഭാഗത്തിൽ കഴിഞ്ഞ ജനുവരി മാസം ഉണ്ടായ തരത്തിലുള്ള കൈക്കൂലി വിവാദങ്ങളും വീഴ്ചകളും ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു?

**ഉത്തരം: അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാലാ പരീക്ഷാ വിഭാഗത്തിലെ ഇ.ഐ.7 സെക്ഷനിലെ അസിസ്റ്റൻറായ ശ്രീമതി. എൽസി. സി.ജെ.-യെ എം.ബി.എ. മാർക്ക് ലിസ്റ്റ് വിതരണവുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങി എന്ന ഒരു വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ 29.01.2022 തീയതി വിജിലൻസ് വിഭാഗം അറസ്റ്റ്

ചെയ്തിരുന്നു. ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട്, വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ, കോട്ടയം ടി വിവരം കത്ത് മുഖേന ടി സമയത്ത് തന്നെ രജിസ്ട്രാറെ അറിയിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ, ടി സംഭവത്തിൻറെ ഗുരുതരസ്വഭാവം കണക്കിലെടുത്ത് മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അന്നേ ദിവസം പ്രാബല്യത്തിൽ ശ്രീമതി. എൽസി. സി.ജെ.-യെ സർവ്വീസിൽ നിന്നും സർവ്വകലാശാലാ ചട്ടങ്ങൾക്ക് വിധേയമായി സസ്പെൻഡ് ചെയ്തു ഉത്തരവായിരുന്നു. തുടർന്ന്, 31.01.2022 തീയതിയിൽ സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം കൂടുകയും, ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ഹരികൃഷ്ണൻ പി., ഡോ. ബി. കേരളവർമ്മ, ഡോ. ഷജിലബീവി എസ്., ഡോ. എ.ജോസ് എന്നിവരടങ്ങുന്ന സിൻഡിക്കേറ്റിന്റെ ഉപസമിതിയെ നിയമിക്കുകയുണ്ടായി. കൂടാതെ, അന്വേഷണത്തിൻറെ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കായി ഇ.ഐ.7 സെക്ഷനിലെ സെക്ഷൻ ഓഫീസറെയും, ടി സെക്ഷൻറെ ചുമതലയുള്ള അസിസ്റ്റൻറ് രജിസ്ട്രാറെയും സ്ഥലംമാറ്റി.

ശ്രീമതി. എൽസി സി.ജെ. പ്രതിയായ വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോയുടെ വി.സി.01/2022 നമ്പർ കേസിൻറെ അന്വേഷണം വിജിലൻസിൻറെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ആയതിന് ആവശ്യമായ സഹായങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട്, വിജിലൻസ്, കോട്ടയം ആവശ്യപ്പെട്ടിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ, അസിസ്റ്റൻറ് രജിസ്ട്രാർ 15 ആയ ശ്രീ. പ്രശാന്ത് തമ്പി പി.-യെ ടി കേസുമായി ബന്ധപ്പെട്ട ചുമതല നൽകി നിയോഗിച്ചുകൊണ്ട് ഉത്തരവായിരുന്നു.

സിൻഡിക്കേറ്റ് തീരുമാന പ്രകാരം നിയമിതമായ അന്വേഷണ സമിതി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, ശ്രീമതി. എൽസി. സി.ജെ.-യെ സർവ്വീസിൽ നിന്നും സർവ്വകലാശാലാ ചട്ടങ്ങൾക്ക് വിധേയമായി സസ്പെൻഡ് ചെയ്ത നടപടി അംഗീകരിക്കുകയും സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും കൃത്യ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായും കണ്ടെത്തിയ ഇ.ഐ.-7 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ.സാജൻ ഐ-യെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ അന്വേഷണ റിപ്പോർട്ടിലെ ഇതര ശുപാർശകളിൻമേൽ നടപടികൾ സ്വീകരിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും അന്വേഷണ സമിതി റിപ്പോർട്ട് കേസ് അന്വേഷിക്കുന്ന വിജിലൻസ് വിഭാഗത്തിന് ആവശ്യപ്പെട്ട പ്രകാരം കൈമാറുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

സർവകലാശാലയിലെ വിവിധ സെക്ഷനുകളിൽ മൂന്ന് വർഷം പൂർത്തിയായ എല്ലാ സെക്ഷൻ ഓഫീസർമാരെയും സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവായിരുന്നു. സർവ്വകലാശാലയിലെ വിവിധ സെക്ഷനുകളിൽ വിദ്യാർത്ഥികൾ നേരിട്ട് ഇടപഴകുന്നത് ഒഴിവാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരീക്ഷ റിസൾട്ടുകൾ കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിവിധ സെക്ഷനുകളിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ കാലതാമസം ഒഴിവാക്കുന്നതിനായി പെൻഡിങ് ഫയൽ വിവരങ്ങൾ ശേഖരിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. വിദ്യാർത്ഥികൾ/പൊതുജനങ്ങൾ തുടങ്ങിയവരുമായുള്ള ആശയ വിനിമയത്തിന് പരമാവധി സ്വകാര്യ ഫോൺ ഒഴിവാക്കുന്നതിനായി എല്ലാ സെക്ഷനുകളിലെയും ലാൻഡ് ഫോണുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഉപചോദ്യം: ശ്രീ. സജിത്ത് ബാബു എസ്.,**

ഇ.ഐ.-7 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ.സാജൻ ഐ-യെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുവാൻ ഉണ്ടായ സാഹചര്യം എന്താണ്?

**ഉത്തരം: അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം**

ഇ.ഐ.-7 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ.സാജൻ ഐ. കൃത്യവിലോപം നടത്തിയിട്ടുണ്ട്. സർവ്വകലാശാലയിൽ ഹാജരാകാതെ ക്യാമ്പിൽ പോകുകയും എന്നാൽ സർവ്വകലാശാല രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തുകയും കൂടാതെ രഹസ്യസ്വഭാവമുള്ള രേഖകൾ നിരുത്തരവാദപരമായി സെക്ഷനിൽ കൈകര്യം ചെയ്യുകയും ചെയ്തു. എന്നാൽ ശ്രീമതി. എൽസി സി.ജെ. യുമായി ബന്ധപ്പെട്ട് ടി യാന് സാമ്പത്തികമായി ബന്ധമുള്ളതായി സിൻഡിക്കേറ്റ് ഉപസമിതി കണ്ടെത്തിയിട്ടില്ല.

**ചോദ്യം: ഡോ. അനസ് എസ്.**

29. സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ അക്കാദമിക കാര്യങ്ങൾക്ക് Temporary Advance എടുക്കുന്ന അധ്യാപകർ നിശ്ചിത സമയത്തു തന്നെ ബില്ലുകളും വൗച്ചറുകളും സമർപ്പിച്ച് കഴിഞ്ഞിട്ടും അതിലെ ന്യൂനതകൾ പരിഹരിച്ച് ഫയൽ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ട്?

**ഉത്തരം: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ അധ്യാപകരുടെ പേരിൽ Ad.A9 സെക്ഷനിൽ നിന്നും അനുവദിച്ചിട്ടുള്ള താൽക്കാലിക മുൻകൂർ തുകകളുടെ ക്രമീകരണത്തിനായി സമർപ്പിക്കുന്ന ബില്ലുകളിലും വൗച്ചറുകളിലും സർവ്വകലാശാല ധനകാര്യവിഭാഗം ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം ആയത് ബന്ധപ്പെട്ട അധ്യാപകരെ കത്ത് മുഖാന്തിരം ഉടനടി അറിയിക്കാറുണ്ട്. ബന്ധപ്പെട്ട അധ്യാപകർ പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പുന:സമർപ്പിക്കുന്ന മുറക്ക് താൽക്കാലിക മുൻകൂർ തുക ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ കാലതാമസം വരുത്തുന്നില്ല.

**ഉപചോദ്യം: ഡോ. അനസ് എസ്.**

താൽക്കാലിക മുൻകൂർ തുക ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ കാലതാമസം ഇപ്പോഴും നേരിടുന്നുണ്ട് ? 10 വർഷമായ ഫയലുകളിൽ പോലും തീരുമാനം ഉണ്ടായിട്ടില്ല. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

താൽക്കാലിക മുൻകൂർ തുക ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യത്തിൽ വളരെ വേഗതയിൽ തന്നെ ഫയലുകളിൽ തീരുമാനം കൈക്കൊള്ളുന്നുണ്ട്. കൃത്യമായ ബില്ലുകളും, വൗച്ചറുകളും ഇല്ലാതെ ക്രമീകരണത്തിനായി നൽകിയവ സെക്ഷനുകളിൽ തീർപ്പാക്കാൻ സാധിക്കാതെ 10 വർഷമായി നിലനിൽക്കുന്ന സാഹചര്യം ഉണ്ട്. ഇവ അടിയന്തിരമായി ക്രമീകരിക്കുന്നതിനായി സെക്ഷനുകളിൽ

നിന്നും ഡിപ്പാർട്ടുമെന്റുകളിൽ നിന്നും തുക കൈമാറ്റം ചെയ്തിരിക്കുന്ന Cash Register കളിൽ നിന്നും വിവരങ്ങൾ എടുത്ത് ഇത് തീർപ്പാക്കാൻ നടപടി എടുക്കുന്നുണ്ട് എന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**ചോദ്യം: ശ്രീ. ജോജി അലക്സ്**

30. കുട്ടിയ്ക്കൽ പ്രകൃതി ദുരന്തത്തിൽ സർട്ടിഫിക്കറ്റുകൾ, പുസ്തകങ്ങൾ, മറ്റുരേഖകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടി സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ചെയ്ത സഹായങ്ങൾ വിവരിക്കാമോ?

**ഉത്തരം: ഡോ. ബിജു പുഷ്പൻ, സിൻഡിക്കേറ്റ് അംഗം**

പ്രളയ ദുരന്തങ്ങൾ മൂലം സർട്ടിഫിക്കറ്റുകൾ നഷടമായ അപേക്ഷകൾക്ക് സർക്കാർ നിർദേശമനുസരിച്ച് വില്ലേജ് ഓഫിസറുടെ മാത്രം സാക്ഷ്യപത്രത്തിൻെറ അടിസ്ഥാനത്തിൽ, ഫീസ് ഈടാക്കാതെ ഫാസ്റ്റ് ട്രാക്ക് ആയിത്തന്നെ സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല ലഭ്യമാക്കിയിട്ടുണ്ട്. കൂട്ടിക്കൽ പ്രകൃതിദുരന്തത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട അപേക്ഷകൾ ഒന്നും തന്നെ പെൻഡിങ് ആയി നിലവിലില്ല.

**ചോദ്യം: ഡോ. ജോജി ജോൺ പണിക്കർ**

31. യു.ജി.സി. റെഗുലേഷൻ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ICC (Internal Complaints Committee) എല്ലാ കോളേജുകളിലും ചട്ടങ്ങൾ പാലിച്ചു കൊണ്ട് സ്ഥാപിതമായി എന്ന് സർവ്വകലാശാല ഉറപ്പ് വരുത്തിയിട്ടുണ്ടോ? ഇനിയും എത്ര കോളേജുകളിൽ ഇത് സ്ഥാപിതമാകാനുണ്ട്?

**ഉത്തരം: ഡോ. ആർ. അനിത, സിൻഡിക്കേറ്റ് അംഗം**

കോളേജുകളിൽ അനിവാര്യമായി രൂപീകരിക്കണമെന്ന് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള ICC (Internal Complaint Committee) പ്രവർത്തനക്ഷമമാണ് എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ള പ്രമേയം 27.03.2021 -ൽ കൂടിയ സെനറ്റ് യോഗം അംഗീകരിക്കുകയും ടി സെനറ്റ് യോഗത്തിന്റെ മിനിട്ട്സ് ബഹു. വൈസ് ചാൻസലർ അംഗീകരിക്കുകയും ചെയ്തിരുന്നു. ആയത് പരിഗണിച്ചു പ്രസ്തുത വിഷയം സംബന്ധിച്ച് അഫിലിയേറ്റഡ് കോളേജുകൾക്കു നിർദേശം നൽകിക്കൊണ്ട് നമ്പർ 87292/AC A 1-2/2021/ACA1 തീയതി 18.07.2021 പരിപത്രം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 33 കോളേജുകൾ ICC രൂപീകരിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. 230 കോളേജുകൾ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല സർവ്വകലാശാലയിൽ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട്, നമ്പർ 5499/AD A 4/2021/എം.ജി.യു. തീയതി 20.10.2021 ആയി സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**ഉപചോദ്യം: ശ്രീ. ജോജി അലക്സ്**

ICC (Internal Complaints Committee) യു.ജി.സി. റെഗുലേഷന്റെ ഭാഗമായിട്ട് നിർബന്ധമായും രൂപീകരിക്കേണ്ട ഒരു കമ്മിറ്റി ആണ്. 230 കോളേജുകളിൽ നിന്ന് റിപ്പോർട്ട് ലഭ്യമാകാത്ത

സാഹചര്യത്തിൽ ടി കോളേജുകൾക്ക് കമ്മിറ്റി രൂപീകരിക്കണം എന്ന് കർശന നിർദ്ദേശം നൽകുന്നതിനും സർവ്വകലാശാലയുടെ വെബ്സൈറ്റിൽ ICC (Internal Complaints Committee)-യുടെ ഘടന publish ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

**<u>ഉപചോദ്യം: ഡോ. സുമി ജോയ് ഓലിയപ്പുറം,</u>**

ICC (Internal Complaints Committee) ഇല്ലാതെ ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിനെതിരെ നടപടി എടുക്കേണ്ടതും ? കമ്മിറ്റി രൂപീകരിക്കേണ്ട നിർദ്ദേശം നൽകേണ്ടതുമാണ്?

ICC (Internal Complaints Committee) യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

സമയം അവസാനിച്ചതിനാൽ ചോദ്യോത്തരവേള കഴിഞ്ഞതായി അദ്ധ്യക്ഷൻ സഭയെ അറിയിച്ചു. തുടർന്ന് **ഡോ. ബിജു പി.ആർ.,** അടിന്തിര പ്രമേയം സമർപ്പിച്ചിട്ടുള്ള വിവരം അദ്ധക്ഷൻ അറിയിച്ചു. അവതരണത്തിനായി സഭയുടെ മതിയായ പിന്തുണ ലഭിക്കുകയും പ്രമേയം അവതരിപ്പിക്കുകയും ചെയ്തു.

**<u>അടിയന്തിരപ്രമേയം</u>**

**അവതാരകൻ : ഡോ. ബിജു പി.ആർ.,**

**അനുവാദകർ: ലേഖ ജെ.,**

**സർവ്വകലാശാലയിലെ അധ്യാപകർക്കും ജീവനക്കാർക്കും പെൻഷൻ നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിച്ച് ഇനി മുതൽ പെൻഷനും ആനുകൂല്യങ്ങളും തനതു ഫണ്ടിൽ നിന്നും കണ്ടെത്തി സർവ്വകലാശാല രൂപീകൃതമായ വർഷം മുതൽ പെൻഷൻ ഫണ്ട് നിലവിൽ വന്നതായി കണക്കാക്കി ഫണ്ട് രൂപീകരിക്കണമെന്നും പെൻഷൻ ഫണ്ടിൽ തുക തികയാതെവന്നാൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നു വായ്പയെടുത്ത് ഈ ആനുകൂല്യങ്ങൾ നൽകണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കാരിൻെറ 19.01.2022 ലെ GO (p)8/2022-ാം നമ്പർ ഉത്തരവ് സർവ്വകലാശാലയുടെ ആക്കാദമിക സേവനരംഗത്ത് സൃഷ്ടിക്കുന്ന ഗുരുതരസ്ഥിതി വിശേഷം കണക്കിലെടുത്ത് ഈ വിഷയം സഭയുടെ ഇതരനടപടികൾ നിർത്തിവച്ച് അടിയന്തിരമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.**

സർവ്വകലാശാലയിൽ അദ്ധ്യാപകർക്കും ജീവനക്കാർക്കുമായി പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്ന ധനകാര്യ വകുപ്പിൻെറ 19.01.2022 ലെ 8/2022/ധന നമ്പർ ഉത്തരവ് പ്രകാരം അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള സ്കെയിലിൻെറ മാക്സിമത്തിൻെറ 25% തുക പെൻഷൻ ഫണ്ടിലേക്ക് വരവ് വയ്ക്കണമെന്നും അതിലേക്ക് 10% തുക സർക്കാർ ഗ്രാൻറിൽ നിന്നും, ശേഷിക്കുന്ന 15% തുക സർവ്വകലാശാലയുടെ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും ഈ ഉത്തരവിൽ നിർദ്ദേശിക്കുന്നു.

സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷനും മറ്റ് ആനുകൂല്യങ്ങളും എൻ.പി.എസ്. ൽ ഉൾപ്പെട്ട ജീവനക്കാരുടെ സർവ്വകലാശാല അടയ്ക്കേണ്ട തുകയും, എൻ.പി.എസ്. ൽ ഉൾപ്പെട്ട ജീവനക്കാർക്ക് സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന വിരമിക്കൽ ആനുകൂല്യങ്ങളും പെൻഷൻ ഫണ്ടിൽനിന്നും കണ്ടെത്തണമെന്നും

ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നു. പെൻഷനും പെൻഷൻ ആനുകൂല്യങ്ങൾക്കും ഈ ഫണ്ടിലെ തുക തികയാതെ വന്നാൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പലിശയ്ക്ക് പണം കടമെടുത്ത് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകണമെന്നും ഈ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഫിനാൻസ് ഓഫീസർ, സർവ്വകലാശാല ഓഡിറ്റ് വകുപ്പ് ജോയിൻറ് ഡയറക്ടർ ധനകാര്യ / ഉന്നത വിദ്യാഭ്യാസ വകുപ്പുകളിലെ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട ഒരു പെൻഷൻ ഫണ്ട് ബോർഡ് രൂപീകരിക്കുവാനുള്ള നിർദ്ദേശവും ഉത്തരവിലുണ്ട്.

സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നത് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറ് ഉപയോഗിച്ചാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറ് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിന് തികയാറില്ല. സർവ്വകലാശാലയുടെ തനത് വരുമാനവും ചേർത്താണ് ഈ ആവശ്യങ്ങൾ നിറവേറ്റുന്നത്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറും വിദ്യാർത്ഥികളിൽ നിന്ന് ഫീസിനത്തിൽ ലഭിക്കുന്ന വരുമാനവും ചേർന്നതാണ് സർവ്വകലാശാല ഫണ്ട്. സർവ്വകലാശാലയുടെ തനത് വരുമാനം കുറഞ്ഞുവരുന്ന സാഹചര്യമാണുള്ളത്. വിദ്യാർത്ഥികളിൽ നിന്ന് ഫീസിനത്തിൽ വർദ്ധനവ് വരുത്തുന്നത് അപ്രായോഗികമാണ്. ഫണ്ടിൽ നിന്നും 60% തുക മാറ്റിവയ്ക്കേണ്ടി വന്നാൽ സർവ്വകലാശാലയുടെ ഭരണപരവും അക്കാദമികമായ പ്രവർത്തനങ്ങളും പ്രതിസന്ധിയിലാകും.

സർവ്വകലാശാല ആക്ട് പ്രകാരം സർവ്വകലാശാല ഫണ്ട് നിയന്ത്രിക്കാനും, പരിപാലിക്കാനുമുള്ള അധികാരം സിൻഡിക്കേറ്റിനാണ്. സർവ്വകലാശാല ഫണ്ട് സംബന്ധിച്ചുള്ള കാര്യങ്ങൾ പരിശോധിക്കാനുള്ള അധികാരം സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിക്കുമാണ്. ഈ സമിതികളിൽ സർക്കാരിൻറെ പ്രതിനിധികളായി ഉന്നത വിദ്യാഭ്യാസ / ധനകാര്യ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായുണ്ട്. അത്തരത്തിൽ ആക്ടും സ്റ്റാറ്റ്യൂട്ടും വിഭാവനം ചെയ്തിരിക്കെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പെൻഷൻ ഫണ്ട് ബോർഡിൻറെ ഘടന ആക്ടിനും സ്റ്റാറ്റ്യൂട്ടിനും വിരുദ്ധമാണ്.

പെൻഷൻ ലഭിക്കുന്നതിന് പെൻഷൻ ഫണ്ട് രൂപീകരിക്കാനും, പെൻഷൻ തന്നെ നിഷേധിക്കാനും ഇടയാക്കുന്ന ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ സർവ്വകലാശാല അദ്ധ്യാപക സർവീസ് അനാകർഷകമാകുകയും അദ്ധ്യാപകർ സർവീസ് വിട്ടുപോകുന്നതിന് ഇടയാക്കും. മികവിൻറെ കേന്ദ്രമായ സർവ്വകലാശാലയുടെ അക്കാദമിക ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കും.

സർവ്വകലാശാലയുടെ അക്കാദമിക രംഗത്ത് പ്രത്യാഘാതമുണ്ടാക്കുന്നതും അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ നിഷേധിക്കാൻ ഇടവരുത്തുന്നതുമായ ഈ ഉത്തരവ് പിൻവലിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

കൂടാതെ അഡ്വ. റെജി സക്കറിയ, (സിൻഡിക്കേറ്റ് അംഗം), ശ്രീമതി. ലേഖ ജെ., ശ്രീ. ജോജി അലക്സ്, ഡോ. സുമി ജോയ് ഓലിയപ്പുറം, എന്നിവർ പ്രമേയത്തെ അനുകൂലിച്ച് സംസാരിച്ചു.

**II. സിൻഡിക്കേറ്റും വൈസ് ചാൻസലറും അവതരിപ്പിക്കുന്ന വിഷയങ്ങൾ.**

**1.**

I. വാർഷിക റിപ്പോർട്ട്- 2021

II. വാർഷിക അക്കൗണ്ട്സ് & ഓഡിറ്റ് റിപ്പോർട്ട്- 2019 -2020

III. ഫിനാൻഷ്യൽ എസ്റ്റിമേറ്റ്- 2022-23

**2. As per statutes 9(7) Chapter 23 of MahatmaGandhi University statutes 1997 the matter of granting of affiliation to a new College / new course shall be reported to the Senate at its next meeting. Hence it is reported following New College / Courses have been granted affiliation by the University after the last meeting of the senate held on 23.09.2021.**

## List of Newly Affiliated Colleges

| Sl. No. | Name of the College | UO. No. |
|---|---|---|
| 1 | KMM College, Thrikkakkara | 5742/ACA7/2021/MGU, Dtd.29.10.2021 |
| 2 | Tribal Arts and Science College, Nadukani | 6704/ACA1/2021/MGU dtd. 04.12.2021 |

## List of Newly Affiliated Courses

| Sl. No. | Name of the College | Name of Programme |
|---|---|---|
| 1 | Al-Azhar College of Arts & Science, Perumpillichira.P.O, Thodupuzha,Idukki | B.A Arabic Language and Literature Model II Translation. |
| 2 | Aman College of Science & Technology, Paippad, Changanacherry, Kottayam | M.A English |
| 3 | Bishop Speechly College For Advanced Studies, Buchanan Campus, Pallom, Kottayam-686007 | B.Com Model II Computer Applications(Permanent Seat Increase, 50 to 60) |
| | | BCA(Permanent Seat Increase,40 to 60) |
| | | M.A Journalism and MAss Communication |
| 4 | Bishop Vayalil Memorial Holy Cross College,Cherpunkal.PO, Pala,Kottayam | M.A Multimedia |

| | | |
|---|---|---|
| 5 | Christ College, Puliyanmala, Kattappana, Idukki | MSW |
| 6 | Cochin Arts & Science College, Manakkakadavu,Ernakulam | B.Sc Cyber Forensics |
| | | B.Com Model I Finance and Taxation(Permanent Seat Increase,40 to 60) |
| 9 | DC School of Management & Technology, Pullikkanam, Vagamon, Idukki | 1.BBM |
| 8 | Holy Cross College of Management & Technology, Puttady, Idukki | M.Sc Computer Science |
| 9 | Ilahia College of Arts & Science, Pezhakkappilly.P.O, Muvattupuzha,Ernakulam | 1.M.Sc Physics |
| 10 | Indira Gandhi College of Arts & Science, Nellikuzhy. P.O, Eramalloor, Kothamangalam, Ernakulam | 1.B.Sc Cyber Forensics |
| 11 | ILM College of Arts & Science, Methala, Perumbavoor, Ernakulam | M.Sc Psychology |
| 12 | Jai Bharath Arts & Science College, J.B. Nagar, Vengola P.O., Perumbavoor, Ernakulam | MSW (Additional Batch) |
| | | B.Com Model I Finance and Taxation(Permanent Seat Increase,40 to 60) |
| | | B.Sc Cyber Forensics Model III(Permanent Seat Increase,24 to 36) |
| 13 | Jawaharlal Nehru Institute of Arts & Science Balagram P.O., Idukki | B.Sc Food Technology & Quality Assurance |
| 14 | KMM College of Arts & Science, Thrikkakara,Ernakulam | BBA(Additional Batch) |
| | | B.Com Model II Logistics Management (Permanent Seat Increase,40 to 60) |
| | | B.Sc Psychology Model I (Permanent Seat Increase,40 to 60) |

| | | |
|---|---|---|
| | | B.Sc Apparel and Fashion Design(Permanent Seat Increase,40 to 60) |
| 15 | Kristu Jyoti College of Management & Technology, Chethipuzha, Kurisummood P.O, Changanacherry,Kottayam | B.Sc Psychology Model I(Permanent Seat Increase,24 to 40) |
| | | M.Sc Psychology( Additional Batch) |
| 16 | Mar Athanasios College For Advanced Studies,Tholassery, Thiruvalla,Pathanamthitta | M.Sc Artificial Intelligence |
| 17 | Labour India College, Marangattupilly, Meenachil, Kottayam | M.Sc Psychology |
| 18 | MES College, Propose P.O, Erumely | B.A English Language and Literature Model I |
| 19 | MES Golden Jubilee College, Payyapady P.O Kottayam. | M.Com Finance and Taxation |
| 20 | MES College, Erattupetta. | M.Com Finance and Taxation |
| 21 | Mount Carmel College, Karukadom P O, Kothamangalam, Ernakulam | B.Sc Mathematics Model I |
| 22 | Mount Royal College, Sooryanelli, Chinnakanal, Udumbanchola, Idukki | 1.M.Sc Food Technology & Quality Assurance(Additional Batch) |
| 23 | Musaliar College of Arts & Science, Cheenkalthadom, Malayalappuzha, Pathanamthitta, | B.Sc Food Technology and Quality Assurance |
| 24 | Nirmala Arts and Science College, Mulanthuruthy, Ernakulam. | M.Sc Psychology |
| 25 | Parumala Mar Gregorios College, Valanjavattom, Thiruvalla, Pathanamthitta | M.Sc Psychology Model I |
| 26 | Sanjo College of Management and Advanced Studies (SCMAS), Mullakkanam, Rajakkad, Idukki | M.A English |
| 27 | Sree Narayana Guru College of Arts & Science, Paingottoor, Kadavoor, Kothamangalam | 1.B.Sc Psychology |
| 28 | St.George College, Vazhakkulam | M.Com Finance and Taxation |

| | | |
|---|---|---|
| 29 | St. Joseph's Academy of Higher Education & Research, Moolamattom, Arakkulam | MPES<br>(The Proposed programme can be started only after the approval of prescribed syllabus and fee structure by the University) |
| 30 | St. Thomas College, St.Thomas Mount, Thavalappara, Konni, Pathanamthitta | BSW |
| 31 | St. Thomas College of Advanced Studies, Parakkathanam, Mallappally, Pathanamthitta | M.Com Finance and Taxation(Permanent Seat Increase,15 to 30) |
| 32 | Yeldo Mar Baselious College, Sophia Park, Kothamangalam, Ernakulam | B.A Animation and Visual Effects(Permanent Seat Increase 40 to 60) |
| | | M.A Graphic Design(Permanent Seat Increase 15 to 24) |
| | | BCA (Additional Batch) |
| 33 | CMS college, Kottayam | 1. B.Voc. Travel,Tourism& Logistic Management<br>2. B.Voc. Information Technology |
| 34 | St. Thomas College, Palai | 1. B.Voc. Printing Technology |
| 35 | M.E.S. College, Nedumkandam | 1. B.Voc Applied Accounting & Taxation |
| 36 | Nirmala College, Muvattupuzha | 1. B.Voc. Logistic Management |
| 37 | Pavanatma College, Murickassery | 1. B.Voc. Business Accounting & Taxation |
| 38 | Mar Thoma College for Women, Perumbavoor | 1. B.Voc. Renewable Energy Technology & Management<br>2. B.Voc. Fashion Technology & Merchandising<br>3. B.Voc. Tourism and Hospitality Management |
| 39 | Al Ameen College, Edathala | 1.B.Voc. Sound Engineering |
| 40 | St. Pauls college, Kalamassery | 1. B.Voc. Tourism and Hospitality Management<br>2. B.Voc. Banking & Financial Services |

| | | |
|---|---|---|
| 41 | MES college, Marampally | 1. B.Voc. Software Development and System Administration<br>2. B.Voc. Fashion Design and Management<br>3. B.Voc. Industrial Instrumentation and Automation |
| 42 | St. George's college, Aruvithura | 1. B.Voc. Food Technology and Analysis |
| 43 | St. Dominic's College, Kanjirapally | 1. B.Voc. Agriculture Technology<br>2. B.Voc. Agro-Food Processing |

**As per statute 14 Chapter 23 of Mahatma Gandhi University statutes 1997, the matter of withdrawal or suspension of affiliation shall be placed before the Senate. Hence it is reported that the affiliation of the following courses have been withdrawn by the university after the last meeting of the senate held on 23.09.2021.**

**List of Affiliton Suspended Colleges**

| No | College | Programme | Year | UO.No |
|---|---|---|---|---|
| 1 | Sreenarayana Paramahamsa College of Arts and Science , Poonjar, Meenachil, Kottayam | B.A English language and Literature Model I | 2020-2021 (Suspended for one year) | 5488/ACA7/2021/ MGU,20.10.2021 |
| 2 | DC School of Management and Technology, Vagamon, Idukki | Batchlor of Fashion Technology | 2020-2021 (Suspended for one year) | 6557/ACA7/2021/ MGU, 01.12.2021 |
| 3 | Sree Narayanaguru College of Arts and Science, Paingottoor.Kadavoor | B.Sc Psychology Model I | 2020-2021 (Suspended for one year) | 1737/ACA7/2022/ MGU,19.02.2022 |
| 4 | Mar athanasious College for Advanced Studies, Thiruvalla | M.Sc Artificial Intelligence | 2021-2022 (Suspended for one year) | 2005/ACA7/2022/ MGU, 25.02.2022 |

**List of Colleges of which Affiliation has been withdrawn**

| College | Programme | Year | UO.No |
|---|---|---|---|
| Sree Narayana Guru College of Advanced Studies, Mezhuveli | B.A English Language and Literature Model II Journalism | 2020-2021 | 5215/ACA7/2021/MGU , 06.10.2021 |
| KMM College of Arts and Science, Thrikkakkara | MCA(60)1 Batch | 2021-2022 | 1901/ACA1/2022/MGU , 22.02.2022 |

മേൽ വിഷയങ്ങൾ സഭ അംഗീകരിച്ചു.

## III. സെനറ്റ് അംഗങ്ങൾ അവതരിപ്പിക്കുന്ന വിഷയങ്ങൾ:

**(അംഗങ്ങൾ നൽകിയിട്ടുള്ള പ്രമേയങ്ങൾ)**

**<u>അവതാരകൻ: ശ്രീ. ജോജി അലക്സ്</u>**

1. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രതിഭാധനരായ കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ വിവിധ വിഷയങ്ങളിൽ ഒരു ലക്ഷം രൂപയുടെ ചീഫ് മിനിസ്റ്റർ സ്കോളർഷിപ്പ് പ്രഖ്യാപിച്ച സംസ്ഥാന സർക്കാരിനെ ഈ യോഗം അഭിനന്ദിക്കുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരക: ശ്രീമതി. ലേഖ ജെ.</u>**

2. സർവ്വകലാശാലകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും പെൻഷനും മറ്റാനുകൂല്യങ്ങളും നൽകാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും സർക്കാർ പിൻവാങ്ങുന്ന സാഹചര്യത്തിലേക്കു നയിക്കുന്ന സ.ഉ.(അച്ചടി)നം.8/2022/ധന. നമ്പർ ഉത്തരവ് തീയതി 19.01.2022 പിൻവലിക്കുക.

പ്രസ്തുത വിഷയം അടിയന്തിര പ്രമേയമായി അവതരിപ്പിച്ച് സഭ അംഗീകരിച്ചതിനാൽ ടി വിഷയം വീണ്ടും അവതിരിപ്പിക്കേണ്ടതില്ലെന്ന് സഭ തീരുമാനിച്ചു.

**<u>അവതാരകൻ: ശ്രീ. എബിൻ പി.ജെ.</u>**

3. കായികതാരങ്ങളായ വിദ്യാർത്ഥികൾക്ക് Diet allowance ഇനത്തിൽ നൽകിവരുന്നത് കേവലം 50 രൂപമാത്രമാണ്. ഏകദേശം 20 വർഷത്തോളമായി ഈ തുക തന്നെയാണ് നൽകിവരുന്നത്. ഈ തുക കാലോചിതമായി പുതുക്കി നിശ്ചയിക്കാനുള്ള നടപടികളുണ്ടാകണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ യോഗം ആവശ്യപ്പെടുന്നു.

Capt. ജോൺ എം. ജോർജ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരക: ശ്രീമതി. ലേഖ ജെ.</u>**

4. ഖത്തറിൽ സർവ്വകലാശാലയുടെ ബ്രാഞ്ച് തുടങ്ങാൻ യു.ജി.സി.-യിൽ നിന്നും അനുമതി നേടിയെടുക്കാൻ കഴിഞ്ഞ സർവ്വകലാശാലാ അധികാരികളെ ഈ യോഗം അഭിനന്ദിക്കുന്നു. എത്രയും വേഗം കോഴ്സുകളും ക്ലാസ്സുകളും ആരംഭിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: വിനീഷ് കെ.എ</u>**

5. സർവ്വകലാശാലയുടെ ടിച്ചേഴ്സ് പോർട്ടൽ നിരന്തരം നവീകരിക്കുകയും പരിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ചോദ്യബാങ്കിന്റെ നിർമ്മാണവും മൂല്യനിർണ്ണയവുമെല്ലാം കാര്യക്ഷമമായി നടത്തുന്നതിന് ഇതാവശ്യമാണ്. സർവ്വകലാശാലയുടെ ടീച്ചേഴ്സ് പോർട്ടൽ എത്രയും വേഗം

പരിഷ്കരിക്കുകയും സർവ്വകലാശാലയിൽ ഒരു അധ്യായനവർഷത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ പെർമെനന്റ് ഗസ്റ്റ് അധ്യാപകരും അധ്യാന വർഷത്തിലെ ആദ്യ മാസം തന്നെ അതല്ലെങ്കിൽ ജോലിയിൽ പ്രവേശിച്ച് ഒരു മാസത്തിനകം മതിയായ വിവരങ്ങൾ സർവ്വകലാശാല പോർട്ടലിൽ സമർപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ഡോ. സുമി ജോയ് ഓലിയപ്പുറം, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: ശ്രീ. ഇമ്മാനുവൽ എ.ജെ</u>**

6. യു.ജി. പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ പൂർത്തിയായതിന് ശേഷം മാത്രം മഹാത്മാഗാന്ധി സർവ്വകലാശാലാ യു.ജി. അഡ്മിഷൻ ക്ലോസ് ചെയ്യാവൂ എന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീ. സജിത്ത് ബാബു എസ്., പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

യു.ജി. പ്രൊഫഷണൽ കോഴ്സുകളിലേക്ക് പരമാവധി കുട്ടികൾക്ക് അഡ്മിഷൻ നൽകികൊണ്ട് മാത്രം മഹാത്മാഗാന്ധി സർവ്വകലാശാലാ യു.ജി. അഡ്മിഷൻ ക്ലോസ് ചെയ്യാവൂ എന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

**<u>അവതാരകൻ: ഡോ. അജിത് ജയിംസ് ജോസ്</u>**

7. അധ്യാപകർ മൂല്യനിർണയം നടത്തിയതിൻെറ ഭാഗമായി പ്രതിഫലം ബാങ്കിലേക്ക് നൽകുമ്പോൾ ഏതു പരീക്ഷയുടേതാണെന്ന സൂചിപ്പിക്കുന്ന സന്ദേശം മൊബൈൽ ഫോണിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. വിനു ടി.പി, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: വിനീഷ് കെ.എ</u>**

8. അധ്യാപക പരിശീലന വികസന പരിപാടികളുടെ ആവശ്യകത - ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണപരമായ വളർച്ചയ്ക്ക് അധ്യാപക പരിശീലന വികസന പരിപാടികൾ നിരന്തരം സംഘടിപ്പിക്കേണ്ടതുണ്ട്. ഓറിയന്റേഷൻ റിഫ്രഷർ കോഴ്സുകൾക്ക് പുറമേ ചോദ്യബാങ്ക് നിർമ്മാണം ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ മെതഡോളജി, അക്കാദമിക റൈറ്റിംഗ് എന്നീ വിഷയങ്ങളിലുള്ള തുടർ പരിശീലന പരിപാടികൾ എന്നിവയൊക്കെ നിരന്തരം ലഭ്യമാക്കേണ്ടതുണ്ട്. അതിനായി ഓൺ ലൈൻ ഓഫ് ലൈൻ മോഡുകളിൽ സൗകര്യപ്രദമായ രീതിയിൽ ഇത്തരം പരിശീലന പരിപാടികൾ നടത്തണമെന്ന് ആവശ്യപ്പെടുന്നു.

ഡോ. സുമി ജോയ് ഓലിയപ്പുറം, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: ശ്രീ. സജിത് ബാബു എസ്.</u>**

9. സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ള DDFS ഇ-ഫയലിംഗിലൂടെ അധ്യാപകരുടെ നിയമനാംഗീകരവുമായി ബന്ധപ്പെട്ട ഫയലുകളും കരിയർ അഡ്വാൻസ്മെന്റ് സ്ഥാനക്കയറ്റത്തിനുള്ള അപേക്ഷകളും കൈകാര്യം ചെയ്യുന്നതായി കഴിഞ്ഞ സെനറ്റ് മീറ്റിംഗിലെ പ്രമേയത്തിന് മറുപടി ലഭിച്ചിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളുടെ ഫയൽ നമ്പർ അപേക്ഷകർക്ക് ലഭ്യമാക്കണമെന്നും, അപേക്ഷയുടെ സ്റ്റാറ്റസ് അറിയുന്നതിന് സർവ്വകലാശാല വെബ് സൈറ്റിൽ സൗകര്യമൊരുക്കണം എന്നും ഈ സഭ ആവശ്യപ്പെടുന്നു.

ഡോ. സജു മാത്യു, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എബിൻ പി.ജെ.**

10. സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ ഗവേഷണം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അവരുടെ Pre- Submission Viva, Final Viva-Voce എന്നിവ അതാത് കേന്ദ്രങ്ങളിൽ നടത്താൻ അനുവാദം നൽകിയ സർവ്വകലാശാലയെ ഈ യോഗം അഭിനന്ദിക്കുന്നു.

ശ്രീ. ജോജി അലക്സ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ഇമ്മാനുവൽ എ.ജെ**

11. യു.ജി/പി.ജി വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റിലും ഡിഗ്രി സർട്ടിഫിക്കറ്റിലും നിലവിലുള്ള വിശദാംശങ്ങൾക്കൊപ്പം മാർക്കിന്റെ ശതമാനം കൂടി രേഖപ്പെടുത്തണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

പ്രമേയം സഭ അംഗീകരിച്ചില്ല.

**അവതാരകൻ: വിനീഷ് കെ.എ**

12. ഗവേഷണ രംഗത്തിന്റെ നിലവാരം നിരന്തരം വർദ്ധിപ്പിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് അനിവാര്യമായി മാറുന്ന കാലഘട്ടമാണിത്. ഗവേഷണ റിപ്പോർട്ടുകൾ, തീസിസുകൾ, പ്രബന്ധങ്ങൾ എന്നിവയുടെയെല്ലാം നിലവാരം ഉറപ്പുവരുത്തുന്നതിൽ പ്ലജിയാരിസം (plagiarism) പരിശോധനകൾക്ക് നല്ല പങ്കുണ്ട്. എന്നാൽ പ്ലജിയാരിസം പരിശോധനകൾക്ക് ആവശ്യമായ സോഫ്റ്റ് വെയർ സൗകര്യങ്ങൾ കോളേജുകളിൽ ലഭ്യമല്ല. മാത്രവുമല്ല പല ഭാഷാ വിഷയങ്ങളിൽ പ്രയോഗിക്കാൻ കഴിയുന്ന സോഫ്റ്റ് വെയർ ലഭ്യവുമല്ല. ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ ആവശ്യമുണ്ട്. ആയതിനാൽ ഗവേഷണ പ്രസിദ്ധീകരണങ്ങളുടെയും റിപ്പോർട്ടുകളുടെയും ഗുണ നിവലാരം കാത്തുസൂക്ഷിക്കുന്നതിന് എല്ലാ വിഷയങ്ങൾക്കും ഉപയോഗിക്കാൻ കഴിയുന്ന പ്ലജിയാരിസം (plagiarism) പരിശോധനകൾക്കുള്ള സോഫ്റ്റ് വെയറുകൾ എല്ലാ കോളേജുകളിലും ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. മുഹമ്മദ് അബ്ബാസ് എസ്., പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എ.എസ്. സുമേഷ്**

13. ദേശീയ വിദ്യാഭ്യാസനയം 2020-ൻെറ ഭാഗമായി ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കാൻ തയ്യാറാക്കിയിട്ടുള്ള NHEQF (National Higher Education Qualification Framework) സർവ്വകലാശാലകളുമായി ആവശ്യമായ കൂടിയോലോചനകൾക്ക് ശേഷം മാത്രമേ നടപ്പിലാക്കാവൂ എന്ന് ഈ യോഗം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി ജോൺ പണിക്കർ, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ബിജു പി.ആർ.**

14. പുതിയതായി ആരംഭിച്ച പഠനവകുപ്പുകൾ ഉൾപ്പെടെയുള്ള വിവിധ സ്കൂളുകളിൽ അക്കാദമിക പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ട് പോകുന്നതിന് ഒഴിവുള്ള അധ്യാപക തസ്തികകളിൽ ഗസ്റ്റ് അധ്യാപകരെ അക്കാദമിക വർഷം തുടങ്ങുമ്പോൾ തന്നെ നിയമിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുക.

ശ്രീമതി. ലേഖ ജെ., പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

പുതിയതായി ആരംഭിച്ച പഠനവകുപ്പുകൾ ഉൾപ്പെടെയുള്ള വിവിധ സ്കൂളുകളിൽ അക്കാദമിക പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ട് പോകുന്നതിന് ഒഴിവുള്ള അധ്യാപക/അനധ്യാപക തസ്തികകളിൽ അക്കാദമിക വർഷം തുടങ്ങുമ്പോൾ തന്നെ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുക.

**അവതാരകൻ: ശ്രീ. ഇമ്മാനുവൽ എ.ജെ**

15. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരെക്കുറിച്ചുള്ള സമഗ്രവിവരശേഖരണത്തിനായി ഒരു ഓൺലൈൻ രജിസ്ട്രേഷൻ വിൻഡോ സർവ്വകലാശാല വെബ് സൈറ്റിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

ഡോ. ജീ ജി., പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ജീ ജി**

16. എം.ജി. സർവ്വകലാശാല 2019-2020 അക്കാദമിക വർഷം മുതൽ അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് നടത്തിവരുന്ന MOOC കോഴ്സ് നിർബന്ധിത വിഷയമായിരിക്കുകയാണ്. എന്നാൽ ഇത് വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് ഐച്ഛിക വിഷയമാക്കണമെന്ന് ഈ സഭയോട് ആവശ്യപ്പെടുന്നു.

ഡോ. സജു മാത്യു, പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

എം.ജി. സർവ്വകലാശാല 2019-2020 അക്കാദമിക വർഷം മുതൽ അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദ വിദ്യാർത്ഥികൾക്ക് നടത്തിവരുന്ന MOOC കോഴ്സ് നിർബന്ധിത വിഷയമായിരിക്കുകയാണ്. എന്നാൽ ഇത് വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് ഐച്ഛിക വിഷയമാക്കണമെന്നും കൂടാതെ സമാനമായ കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തണമെന്നും ഈ സഭ ആവശ്യപ്പെടുന്നു.

**<u>അവതാരകൻ: ഡോ. ആൾസൺ മാർട്ട്</u>**

17. സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷയുടെ തൽസ്ഥിതി ഓൺലൈനായി തന്നെ അറിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

അവതാരകൻ സഭയിൽ ഹാജരാകാത്തതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല

**<u>അവതാരകൻ: ഡോ. ജീ ജി</u>**

18. എം.ജി. സർവ്വകലാശാലയുടെ വിവിധ സെക്ഷനുകളിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ/പ്രൊപ്പോസലുകൾ തുടങ്ങിയവയുടെ നിജസ്ഥിതി അപേക്ഷകർക്ക് അറിയുവാനുള്ള സംവിധാനം നടപ്പിലാക്കുക.

ശ്രീ. എ.ജെ. ഇമ്മാനുവൽ, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: ശ്രീ. സജിത് ബാബു എസ്.</u>**

19. സർവ്വകലാശാലയിൽ നിന്നും ബിരുദ ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി മാർക്ക് ലിസ്റ്റും ഡിഗ്രി സർട്ടിഫിക്കറ്റുകളും നൽകുന്നത് അടിയന്തിര പ്രാധാന്യം ഉള്ളതാണ്. ആയതിനാൽ സർവ്വകലാശാലയിലെ പ്രസ്തുത സെക്ഷനുകളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

ഡോ. സജു മാത്യു., പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

സർവ്വകലാശാലയിൽ നിന്നും ബിരുദ ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ഗ്രേഡ് കാർഡും ഡിഗ്രി സർട്ടിഫിക്കറ്റുകളും നൽകുന്നത് അടിയന്തിര പ്രാധാന്യം ഉള്ളതാണ്. ആയതിനാൽ സർവ്വകലാശാലയിലെ പ്രസ്തുത സെക്ഷനുകളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

**<u>അവതാരകൻ: ഡോ. അനസ് എസ്.</u>**

20. സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലും അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും Ph.D പ്രോഗ്രാമിലേക്കുള്ള പ്രവേശന നടപടികൾക്കുണ്ടായിരിക്കുന്ന കാലതാമസം പരിഹരിക്കുവാനും പുതുതായി പ്രവേശന പരീക്ഷ വിജയിച്ചവർക്ക് അപേക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

അവതാരകൻ സഭയിൽ ഹാജരാകാത്തതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല

**അവതാരകൻ: ഡോ. അലക്സ് മാത്യു**

21. 2017 ലെ സിലബസ് പരിഷ്കരണത്തിൻെറ ഭാഗമായി സർവ്വകലാശാല പ്രസിദ്ധീകരണ വകുപ്പുമായി സഹകരിച്ച് വിവിധ പ്രസാധകർ തയ്യാറാക്കിയ പഠനപുസ്തകങ്ങളുടെ റോയൽറ്റി ഇനത്തിൽ ലഭിക്കേണ്ട തുക പൂർണ്ണമായും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരക: ശ്രീമതി. ശോഭ കെ.ഡി.**

22. പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ പരീക്ഷകളുടെ ഇൻവിജിലേഷൻ ജോലിക്ക് അധ്യാപകരെ ലഭിക്കാൻ കോളേജുകളിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അധ്യാപകരുടെ അമിത ജോലിഭാരമാണ് ഇതിന് കാരണമാകുന്നത്. റഗുലർ വിദ്യാർത്ഥികളുടെ പരീക്ഷയുടെ ഇൻവിജിലേഷൻ ജോലി ഡ്യൂട്ടിയുടെ ഭാഗമായി ഇപ്പോൾ തന്നെ എല്ലാ അധ്യാപകരും ചെയ്യുന്നുണ്ട്. അതിന് പുറമെയാണ് പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ പരീക്ഷകളുടെ ഇൻവിജിലേഷൻ ജോലി ചെയ്യേണ്ടി വരുന്നത്. ഇത് അധിക ജോലിഭാരം സൃഷ്ടിക്കുകയാണ്. ഈ സാഹചര്യത്തിൽ കൂടുതൽ അധ്യാപകരെ പ്രൈവറ്റ് പരീക്ഷകളുടെ ഇൻവിജിലേഷൻ ജോലി സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നതിന് അധിക ജോലിക്ക് നൽകുന്ന ഉയർന്ന പ്രതിഫലം നൽകേണ്ടതുണ്ട്. അധിക ജോലി ഭാരം കണക്കിലെടുത്ത് പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ പരീക്ഷകളുടെ ഇൻവിജിലേഷൻ ജോലിക്ക് മതിയായ അളവിൽ പ്രതിഫലം വർധിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ക്യാപ്റ്റൻ ജോൺ എം ജോർജ്**

23. എം.ജി. യൂണിവേഴ്സിറ്റി ആക്ട് 1985 ലെ സെക്ഷൻ 54,55 അനുസരിച്ച് എല്ലാ കോളേജുകളിലും ഗവേണിംഗ് ബോഡി / ഗവേണിംഗ് കൗൺസിൽ രൂപീകരിക്കുവാൻ വേണ്ടി നിർദ്ദേശം നൽകണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവിശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. പ്രൊഫ. സിബി സക്കറിയാസ്**

24. The MBA Off Campus scheme and syllabus is not recognised by other universities in Kerala. Therefore these students cannot go for higher studies like Ph.D or jobs with these degree. May I request this house to consider and make appropriate directions to recognise the MBA Off Campus scheme and syllabus to be recognised by other universities in Kerala

അവതാരകൻ സഭയിൽ ഹാജരാകാത്തതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

**അവതാരകൻ: ഡോ. പ്രൊഫ. സിബി സക്കറിയാസ്**

25. The MBA students are taken based on Test marks, GD and interview. May I request this august house to monitor the system whether the affiliated colleges or institutions are following the directions of the University.

അവതാരകൻ സഭയിൽ ഹാജരാകാത്തതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

**അവതാരകൻ: ഡോ. അജിത് ജയിംസ് ജോസ്**

26. സുറിയാനി ഭാഷയും സാഹിത്യവും എം.എ. പ്രൈവറ്റ് രജിസ്ട്രേഷനായും യു.ജി. പ്രൈവറ്റ് രജിസ്ട്രേഷന് ഉപഭാഷയായും അനുവദിച്ച സർവ്വകലാശാല നടപടിയെ ഈ യോഗം അഭിനന്ദിക്കുന്നു.

അവതാരകൻ ഡോ. അജിത് ജയിംസ് ജോസ്- ന്റെ അഭാവത്തിൽ അദ്ധ്യക്ഷൻെറ അനുമതിയോടുകൂടി ശ്രീ. ജോജി അലക്സ് പ്രമേയം അവതരിപ്പിക്കുകയും ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ പിന്താങ്ങുകയും, പ്രമേയം സഭ അംഗീകരിക്കുകയും ചെയ്തു.

**അവതാരകൻ: ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്**

27. പുനഃർമൂല്യനിർണ്ണയം/സപ്ലിമെന്ററി പരീക്ഷകളുടെ മൂല്യനിർണ്ണയം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് അഭ്യർത്ഥിക്കുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ആൾസൺ മാർട്ട്**

28. Ph.D പ്രബന്ധങ്ങളുടെ മൂല്യനിർണയത്തിലും തുടർനടപടികളിലുമുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്താൻ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

അവതാരകൻ ഡോ. ആൾസൺ മാർട്ട്- ന്റെ അഭാവത്തിൽ അദ്ധ്യക്ഷൻെറ അനുമതിയോടെ ഡോ. സജു മാത്യു, പ്രമേയം അവതരിപ്പിക്കുകയും ശ്രീ. സജിത്ത് ബാബു എസ്., പ്രമേയത്തെ പിന്താങ്ങുകയും, പ്രമേയം സഭ അംഗീകരിക്കുകയും ചെയ്തു.

**അവതാരകൻ: ഡോ. ബിജു പി.ആർ.**

29. 19.01.2022 ൽ സർക്കാർ ധനവകുപ്പ് പുറത്തിറക്കിയ സർവ്വകലാശാല പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട ഉത്തരവിന്മേലുള്ള ആശങ്കകളും അവ്യക്തതകളും ദൂരീകരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുക.

പ്രസ്തുത വിഷയം അടിയന്തിര പ്രമേയമായി അവതരിപ്പിച്ച് സഭ അംഗീകരിച്ചതിനാൽ ടി വിഷയം വീണ്ടും അവതിരിപ്പിക്കേണ്ടതില്ലെന്ന് സഭ തീരുമാനിച്ചു.

**അവതാരകൻ: ഡോ. എ.എസ്. സുമേഷ്**

30. വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് ഓൺലൈൻ ആയി നൽകുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം എന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എബിൻ പി.ജെ.**

31. Regular UG/PG പ്രോഗ്രാമുകൾക്ക് സമാനമായരീതിയിൽ സ്വയംഭരണ കോളേജുകളിൽ ഓൺലൈൻ പ്രോഗ്രാമുകൾ തുടങ്ങാനുള്ള യു.ജി.സി. യുടെ നിർദ്ദേശം പുനഃപരിശോധിക്കണമെന്ന് യു.ജി.സി. യോടും കേന്ദ്രസർക്കാറിനോടും ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. യദുകൃഷ്ണൻ പി.എസ്.**

32. പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷയുടെ ഹാൾടിക്കറ്റ് സെന്ററിലേക്ക് അയച്ചു കഴിഞ്ഞാൽ ആ വിവരം വിദ്യാർത്ഥികൾക്ക് മെയിൽ ആയോ എസ്.എം.എസ്. ആയോ ഒന്ന് അറിയിക്കുന്നത് വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാണ്, പ്രൈവറ്റ് വിദ്യാർത്ഥികളുടെ പരീക്ഷ, രജിസ്ട്രേഷൻ, മറ്റു നടപടിക്രമങ്ങൾ സമയാസമയം ബന്ധപ്പെട്ട വിദ്യാർത്ഥികളെ മേൽപ്പറഞ്ഞ രീതിയിൽ അറിയിച്ചാൽ പിന്നീടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനാകും. ആയതിനാൽ മേൽപ്രശ്നം പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട നടപടി ക്രമങ്ങളിൽ അനുയോജ്യമായ മാറ്റം വരുത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ശ്രീ. മുഹമ്മദ് അബ്ബാസ് എസ്., പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അലക്സ് മാത്യു**

33. സർവ്വകലാശാലയുടെ പരീക്ഷാ നടപടികൾ ലഘൂകരിക്കുന്നതിന് ടീച്ചേഴ്സ് പോർട്ടൽ സമയബന്ധിതമായി പരിഷ്കരിക്കുന്നതിനും അങ്ങനെ മുഴുവൻ അധ്യാപകരും പരീക്ഷാ മൂല്യനിർണ്ണയ പ്രക്രിയയിൽ പങ്കെടുക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ജോജി അലക്സ്**

34. 2020-21 അധ്യയന വർഷം സംസ്ഥാന സർക്കാർ അനുവദിച്ച സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ച പുതുതലമുറ കോഴ്സുകളുടെ ജോലിഭാരം ഓർഡിനൻസിന്റെ ഭാഗമാക്കാൻ സർവ്വകലാശാല ഊർജ്ജിതമായ പ്രവർത്തനം നടത്തണമെന്ന് അധികാരികളോട് ആവശ്യപ്പെടുന്നു.

ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. സിറിയക് ജോസ്**

35. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബിരുദ ബിരുദാനന്തര പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിക്കുമ്പോൾ (B.A.,B.Sc,B.Com,M.A.,M.Sc.) വിദ്യാർത്ഥികൾ അടക്കേണ്ട ഫീസ് എത്രയാണെന്ന് പരീക്ഷാ വിജ്ഞാപനത്തിൽ രേഖപ്പെടുത്തണമെന്ന് സർവ്വകലാശാലയോട് ഈ സഭ ആവശ്യപ്പെടുന്നു.

ശ്രീ. എ.ജെ. ഇമ്മാനുവൽ, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്**

36. സർവ്വകലാശാലകളുമായ് അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിദ്യാർത്ഥികളുടെ അഡ്മിഷൻ കുറയാൻ കാരണമെന്തെന്ന് പഠിച്ച് വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എ.എസ്. സുമേഷ്**

37. ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷകൾക്ക് അധികസമയം നൽകുന്നത് അശാസ്ത്രീയവും ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതും ആണ്. അതിനാൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ചോദ്യപേപ്പർ കൂടുതൽ ഓപ്ഷൻ നൽകിക്കൊണ്ട് നിശ്ചിത സമയത്തിനുള്ളിൽ പരീക്ഷകൾ എഴുതി പൂർത്തിയാക്കാൻ സാധിക്കും വിധമുള്ള പരിഷ്കാരം സർവ്വകലാശാല നടത്തണമെന്ന് ഈ പ്രമേയം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. സജു മാത്യു**

38. 2020-2021 അധ്യയന വർഷം മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ കോളേജുകളിൽ ആരംഭിച്ച ന്യൂജനറേഷൻ, ഇന്റർ ഡിസിപ്ലിനറി ഡിഗ്രി പ്രോഗ്രാമുകളിൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ സംസ്ഥാന സർക്കാറിനോട് ആവശ്യപ്പെടുന്നു.

ഡോ. സിറിയക് ജോസ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ക്യാപ്റ്റൻ ജോൺ എം. ജോർജ്**

39. സ്പോട്സ്, എൻ.സി.സി., എൻ.എസ്.എസ്. ആർട്സ് എന്നിവയിൽ പങ്കെടുക്കുന്ന അർഹരായ കുട്ടികൾക്ക് നൽകുന്ന ഗ്രേസ് മാർക്ക് 6-ാം സെമസ്റ്ററിന്റെ ഫലപ്രഖ്യാപനത്തിനു ശേഷം ഒരു മാസത്തിനുള്ളിൽ നൽകണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ  പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. സജ്ജു മാത്യു**

40. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഇന്റേണൽ മാർക്കിൽ അറ്റൻഡൻസിന് നൽകിവന്നിരുന്ന വെയിറ്റേജ് പുനഃസ്ഥാപിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

പ്രമേയം സഭ അംഗീകരിച്ചില്ല.

**അവതാരകൻ: ശ്രീ. നവീൻ കെ. ഫ്രാൻസിസ്**

41. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷകർക്ക് മതിയായ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ല. നിലവിൽ രണ്ട് ഹോസ്റ്റലുകൾ മാത്രമാണ് ഗവേഷകർക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്.ആൺകുട്ടികൾക്കായി പല്ലന ഹോസ്റ്റലും, പെൺകുട്ടികൾക്കായി സൈരന്ധ്രി ഹോസ്റ്റലും. ഈ ഹോസ്റ്റലുകൾ തികച്ചും അപര്യാപ്തമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ശ്രീ. മുഹമ്മദ് അബ്ബാസ് എസ്., പ്രമേയത്തെ  പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷകർക്ക് മതിയായ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ല. നിലവിൽ രണ്ട് ഹോസ്റ്റലുകൾ മാത്രമാണ് ഗവേഷകർക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. ആൺകുട്ടികൾക്കായി പല്ലന ഹോസ്റ്റലും, പെൺകുട്ടികൾക്കായി സൈരന്ധ്രി ഹോസ്റ്റലും. ഈ ഹോസ്റ്റലുകൾ തികച്ചും അപര്യാപ്തമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കണമെന്നും ചാൻസലേഴ്സ് അവാഡ് തുക കൂടി ഹോസ്റ്റൽ നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തണമെന്നും  പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**അവതാരകൻ: ഡോ. ജോജി ജോൺ പണിക്കർ**

42. 2021 ഫെബ്രുവരിയിൽ ആരംഭിച്ച ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളുടെ ആദ്യ സെമസ്റ്റർ മുതലുള്ള പരീക്ഷകൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. വിനു ടി.പി, പ്രമേയത്തെ  പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. നവീൻ കെ. ഫ്രാൻസിസ്**

43. മഹാത്മാഗാന്ധി സർവ്വകലാശാല അനിയന്ത്രിതമായി വർദ്ധിപ്പിച്ച ഫീസുകൾ ഗവേഷക വിദ്യാർത്ഥികളെ സാരമായി തന്നെ ബാധിക്കുന്നു. ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾ അവരുടെ ഗവേഷണ പ്രബന്ധം സമർപ്പിക്കുന്ന സമയത്ത് അടയ്ക്കുന്ന അഡ്ജൂഡിക്കേഷൻ ഫീസ് 4000 ത്തിൽ നിന്നു 9000 ആയാണ് വർദ്ധിപ്പിച്ചത്. ഇത്തരത്തിൽ

അനിയന്ത്രിതമായി വർദ്ധിപ്പിച്ച മുഴവൻ ഫീസുകളും കുറയ്ക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ശ്രീ. മുഹമ്മദ് അബ്ബാസ് എസ്., പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. സജു മാത്യൂ**

44. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ SC/ST സെല്ലിലെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

ശ്രീ. എ.ജെ. ഇമ്മാനുവൽ, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ജോജി ജോൺ പണിക്കർ**

45. 23.09.2021-ൽ നടന്ന സെനറ്റ് യോഗത്തിലെ 12-ാം നമ്പർ പ്രമേയത്തിന് സർവകലാശാല എടുത്ത നടപടി പ്രകാരം, യു.ജി.സി. റെഗുലേഷൻ പ്രകാരം യോഗ്യതയുള്ള ലൈബ്രേറിയന്മാരെ അക്കാഡമിക് സ്റ്റാഫ് ആയി പരിഗണിക്കുന്നതിന് ഒട്ടനവധി പ്രതിസന്ധികൾ ഉള്ളതായി സൂചിപ്പിച്ചിരിക്കുന്നു. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതിന് വേണ്ട ശുപാർശകൾ ഉന്നതവിദ്യാഭ്യാസ വകുപ്പിന് നൽകണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. വിനു റ്റി.പി.**

46. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അഫിലിയേറ്റഡ് കോളേജുകളിൽ ഇൻഫ്രാ സ്ട്രക്ചർ ഫെസിലിറ്റികളുടെ മതിയായ എല്ലാ സൗകര്യങ്ങളും ഉണ്ടെന്ന് സർവ്വകലാശാല തലത്തിൽ ഉറപ്പാക്കണമെന്ന് ഈ പ്രമേയം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി ജോൺ പണിക്കർ, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ക്യാപ്റ്റൻ ജോൺ എം ജോർജ്**

47. ഒരു സെമസ്റ്ററിൻെറ കാലാവധി 5 മാസമാണെന്നിരിക്കെ പലപ്പോഴും ഒന്നാം വർഷ വിദ്യാർത്ഥികളുടെ പ്രവേശന നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ മൂന്നു മാസത്തോളം കാലതാമസം കണ്ടു വരുന്നു. പഠന കാലയളവിനെ ബാധിക്കുന്ന ഈ പ്രശ്നം ഉചിതമായ രീതിയിൽ പരിഹരിക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. അജിത് ജയിംസ് ജോസ്**

48. സംസ്ഥാന നിയമസഭാ പാസാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള (Aided, Autonomous,Self financing) കോളേജുകളിൽ

അധ്യാപനം നടത്തുന്ന Self financing അധ്യാപകരുടെ നിയമനം, സേവന വേതന വ്യവസ്ഥകൾ, designation തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിന് ചട്ടങ്ങൾ രൂപീകരിക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

അവതാരകൻ അജിത് ജയിംസ് ജോസ്-ന്റെ അഭാവത്തിൽ അദ്ധ്യക്ഷൻെറ അനുമതിയോടെ ഡോ. എ.എസ്. സുമേഷ്, പ്രമേയം അവതരിപ്പിക്കുകയും ശ്രീ. ജോജി അലക്സ്, പ്രമേയത്തെ പിന്താങ്ങുകയും, പ്രമേയം സഭ അംഗീകരിക്കുകയും ചെയ്തു.

**അവതാരകൻ: ശ്രീ. ജോജി അലക്സ്**

49. എം.ജി. സർവ്വകലാശാല രാജ്യത്തിന് അഭിമാനകരമായ രീതിയിൽ അക്കാദമിക് പ്രവർത്തനം നടത്തുമ്പോൾ, അതിനെ ഇകഴ്ത്തി കാട്ടി സർവ്വകലാശാലയുടെ യശസ്സ് തകർക്കുവാൻ ശ്രമിക്കുന്ന ചിലരുടെ പ്രവർത്തനങ്ങളിൽ ഈ യോഗം പ്രതിഷേധം രേഖപ്പെടുത്തുന്നു.

ഡോ. ബിജു പി.ആർ., പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

എം.ജി. സർവ്വകലാശാല രാജ്യത്തിന് അഭിമാനകരമായ രീതിയിൽ അക്കാദമിക് പ്രവർത്തനം നടത്തുമ്പോൾ, അതിനെ ഇകഴ്ത്തി കാട്ടി സർവ്വകലാശാലയുടെ യശസ്സ് തകർക്കുവാൻ ശ്രമിക്കുന്ന ചില മുഖ്യധാരാമാധ്യമങ്ങളുടെ പ്രവർത്തനങ്ങളിൽ ഈ യോഗം പ്രതിഷേധം രേഖപ്പെടുത്തുന്നു.

**അവതാരകൻ: ഡോ. അലക്സ് മാത്യു**

50. സർവ്വകലാശാല പുറപ്പെടുവിച്ച റെഗുലേഷൻസിൽ നിന്നും വിരുദ്ധമായി കോളേജ് യൂണിയൻ ഇലക്ഷൻ നടത്തിയ അഫിലിയേറ്റഡ് കോളേജുകൾക്ക് എതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ജോജി ജോൺ പണിക്കർ**

51. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 50% അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാം എന്ന യു.ജി.സി. തീരുമാനം തള്ളിക്കളയണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. വിനു റ്റി.പി.**

52. സർവ്വകലാശാല ഉത്തരവ് നം.5095/AcA10/2021, തീയതി 30.09.2021 പ്രകാരം രൂപീകരിച്ച കമ്മറ്റി തയ്യാറാക്കിയ മഹാത്മാഗാന്ധി സർവ്വകലാശാല അപ്രൂവ്ഡ് ലിസ്റ്റ് ഓഫ് ജേർണൽസ്-ലിസ്റ്റ്, പ്രസിദ്ധീകരിക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ  പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

സർവ്വകലാശാല ഉത്തരവ് നം.5095/AcA10/2021, തീയതി 30.09.2021 പ്രകാരം രൂപീകരിച്ച കമ്മറ്റി വിവിധ വിഷയങ്ങൾക്കായി തയ്യാറാക്കിയ മഹാത്മാഗാന്ധി സർവ്വകലാശാല അപ്രൂവ്ഡ് ലിസ്റ്റ് ഓഫ് ജേർണൽസ്-ലിസ്റ്റ്, പ്രസിദ്ധീകരിക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

**<u>അവതാരക: ഡോ. സുമി ജോയ് ഓലിയപ്പുറം</u>**

53. സർവ്വകലാശാല നടത്തുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകളുടെ നടത്തിപ്പ് അഫിലിയേറ്റഡ് കോളേജുകൾ കേന്ദ്രീകരിച്ചാണ് നടന്നുവരുന്നത്. പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന സാമ്പത്തികച്ചെലവുകൾ നിലവിൽ കോളേജുകൾ സ്വന്തം നിലയിൽ കണ്ടെത്തുകയും പിന്നീട് ബില്ലുകൾ സർവ്വകലാശാലയിൽ സമർപ്പിച്ച് തുക കൈപ്പറ്റുകയും ചെയ്യുന്ന രീതിയാണ് ഉള്ളത്. ഇത് പല കോളേജുകൾക്കും വിശേഷിച്ച് സർക്കാർ കോളേജുകൾക്ക് സാമ്പത്തിക പ്രയാസമുണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രൈവറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് സാമ്പത്തികച്ചെലവുകൾ നേരിടുന്നതിനായി മുൻകൂറായി സർവ്വകലാശാല പണം അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. വിനീഷ് കെ.എ., പ്രമേയത്തെ  പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: ശ്രീ. സജിത് ബാബു എസ്.</u>**

54. കേരളത്തിലെ എല്ലാ സർവ്വകലാശാലകളും പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്നും സർവ്വകലാശാലകൾ രൂപീകൃതമായ വർഷം മുതൽ പെൻഷൻ ഫണ്ട് നിലവിൽ വന്നു എന്ന രീതിയൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നും നിഷ്കർഷിക്കുന്ന 19.01.2022 ലെ സർക്കാർ ഉത്തരവ് പിൻവലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ  പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: ശ്രീ. ഫെബ്ബ ജോർജ്ജ് മത്തായി കുറിച്ചിയത്ത്</u>**

55. പ്രൊമോഷൻ ഫയലുകൾ വേഗത്തിൽ തീർപ്പാക്കാൻ ആവശ്യമായ സ്റ്റാഫ് ഉൾപ്പെടെ വേണ്ട സംവിധാനങ്ങൾ ഒരുക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ്, പ്രമേയത്തെ  പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: ഡോ. സിറിയക് ജോസ്</u>**

56. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പരീക്ഷകൾ നടക്കുമ്പോൾ ഓരോ കോളേജിലെയും പരീക്ഷ വിഭാഗത്തിലെ ജീവനക്കാർ ഓൺലൈനായി പരീക്ഷയുടെ ഹാജർ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഹാജർ രേഖപ്പെടുത്തുവാനുള്ള ലിങ്ക് യൂണിവേഴ്സിറ്റി കൃത്യ സമയത്ത് ഇപ്പോൾ ലഭ്യമാക്കുന്നില്ല. ആയതിനാൽ ഹാജർ രേഖപ്പെടുത്തേണ്ട ഓൺലൈൻ

ലിങ്ക് പരീക്ഷ അവസാനിക്കുന്നതിന് മുൻപായി ലഭ്യമാക്കണമെന്ന് സർവ്വകലാശാലയോട് ഈ സഭ ആവശ്യപ്പെടുന്നു.

ശ്രീ. സജിത്ത് ബാബു എസ്., പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ആദർശ് എസ്.**

57. കാലങ്ങളായി പെൻഡിങ്ങായി കിടക്കുന്ന മുഴുവൻ പരീക്ഷാ റിസൾട്ടുകളും അടിയന്തിരമായി പ്രസിദ്ധീകരിക്കുക. എത്രയും വേഗം തന്നെ പരീക്ഷ നടന്ന തീയതിനോക്കി അത്തരത്തിലുള്ള റിസൾട്ടുകൾ ഏതെല്ലാം എന്ന് ലിസ്റ്റ് ചെയ്ത് മുൻഗണനാ ക്രമത്തിൽ റിസൾട്ടുകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വകലാശാല തയ്യാറാകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ശ്രീ. മുഹമ്മദ് അബ്ബാസ് എസ്., പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അനസ് എസ്.**

58. സർവ്വകലാശാലയിലെ പഠനവകുപ്പുകളുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് ആവശ്യമായ അനധ്യാപക ജീവനക്കാരുടെ എണ്ണം ഉറപ്പുവരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക.

അവതാരകൻ ഡോ. അനസ് എസ്.-ന്റെ അഭാവത്തിൽ അദ്ധ്യക്ഷൻെറ അനുമതിയോടെ ഡോ. ബിജു പി.ആർ., പ്രമേയം അവതരിപ്പിക്കുകയും ശ്രീമതി. ലേഖ ജെ., പ്രമേയത്തെ പിന്താങ്ങുകയും, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിക്കുകയും ചെയ്തു.

സർവ്വകലാശാലയിലെ പഠനവകുപ്പുകളുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് ആവശ്യമായ അധ്യാപക /അനധ്യാപക ജീവനക്കാരുടെ എണ്ണം ഉറപ്പുവരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക.

**അവതാരകൻ: ശ്രീ. നവീൻ കെ. ഫ്രാൻസിസ്**

59. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ ഗവേഷണം ചെയ്യുന്ന ഗവേഷക വിദ്യാർത്ഥികൾ കടുത്ത സാമ്പത്തിക പ്രതിസന്ധി ആണ് നേരിടുന്നത് പ്രത്യേകിച്ച് മറ്റ് ഫെലോഷിപ്പുകൾ ലഭിക്കാത്ത ഗവേഷക വിദ്യാർത്ഥികൾ. ഇത് അവരുടെ അക്കാദമിക് നിലവാരത്തിനെ തന്നെ ബാധിക്കുന്നു. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനു വേണ്ടി മറ്റ് ഫെലോഷിപ്പുകൾ ലഭിക്കാത്ത മുഴുവൻ വിദ്യാർത്ഥികൾക്കും യൂണിവേഴ്സിറ്റി ഫെലോഷിപ്പുകൾ നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ശ്രീ. മുഹമ്മദ് അബ്ബാസ് എസ്., പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. വിനു റ്റി.പി.**

60. സർവ്വകലാശാല കൈക്കൂലി വിവാദത്തിൽ ഉടനടി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ അന്വേഷണ കമ്മീഷനെ നിയോഗിച്ച സർവ്വകലാശാലയെയും സമയബന്ധിതമായി റിപ്പോർട്ട് നൽകിയ കമ്മീഷൻ അംഗങ്ങളെയും ഈ യോഗം അഭിനന്ദിക്കുന്നു.

ശ്രീമതി. ലേഖ ജെ., പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. വസന്ത് ശ്രീനിവാസൻ**

61. വിവിധ സേവനങ്ങളും സർട്ടിഫിക്കറ്റുകളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിൽ വലിയ കാലസാമസം നിലവിൽ നേരിടുന്നുണ്ട്. ഇത് മാറി സമയബന്ധിതമായി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ട്. അതുകൊണ്ട് ഓരോ വിദ്യാർത്ഥിയും അയാൾ ഒരു അപേക്ഷ നൽകുന്നതു മുതൽ പിന്നീടുള്ള ഓരോ ഘട്ടവും കൃത്യമായി ട്രാക്ക് ചെയ്യാൻ സാധിക്കുന്ന തരത്തിൽ ആപ്ലിക്കേഷൻ ട്രാക്കിംങ് സംവിധാനം ഏർപ്പെടുത്തണം. ഇതുവഴി ഏത് ഉദ്യോഗസ്ഥന്റെ ടേബിളിലാണ് ബന്ധപ്പെട്ട ഫയൽ/ആപ്ലിക്കേഷൻ ഉള്ളതെന്ന് അറിയാനാകും. വിദ്യാർത്ഥികളോ/യൂണിയൻ പ്രതിനിധികളോ നേരിട്ടുവന്ന് നിജസ്ഥിതി തിരക്കുന്നതിനു പകരം ഓൺലൈൻ ആയി തന്നെ ബന്ധപ്പെട്ട ആപ്ലിക്കേഷന്റെ സ്ഥിതി അറിയുവാനും വേഗത്തിലാക്കുവാനും ഉദ്യോഗസ്ഥരെ മോണിറ്റർ ചെയ്യുന്ന സംവിധാനം ഇതുവഴി ഉറപ്പാക്കുവാനുമാകും. ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ഉണ്ടാകണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

അവതാരകൻ ശ്രീ. വസന്ത് ശ്രീനിവാസൻ-ന്റെ അഭാവത്തിൽ അദ്ധ്യക്ഷന്റെ അനുമതിയോടെ ശ്രീ. യദുകൃഷ്ണൻ പി.എസ്., പ്രമേയം അവതരിപ്പിക്കുകയും ശ്രീ. മുഹമ്മദ് അബ്ബാസ് എസ്., പ്രമേയത്തെ പിന്താങ്ങുകയും, പ്രമേയം സഭ അംഗീകരിക്കുകയും ചെയ്തു.

**അവതാരകൻ: ശ്രീ. അശ്വൻ അനിൽ**

62. സർവ്വകലാശാലയിലെ പരീക്ഷകൾ എഴുതുവാൻ വിദ്യാർത്ഥികൾക്ക് 75% അറ്റൻഡൻസ് നിർബന്ധമാണ്. ആദ്യ വർഷം ഒഴിച്ചുള്ള വർഷങ്ങളിൽ 75 % അറ്റൻഡൻസ് ഇല്ലെങ്കിൽ 'ഇയർ ഔട്ട്' ആവുന്ന സാഹചര്യമാണ് ഉള്ളത്. 'ഇയർ ഔട്ട്' ആകുന്ന വിദ്യാർത്ഥികൾ ജൂനിയർ ബാച്ചിൽ റീ അഡ്മിഷൻ എടുക്കണം എന്നാൽ പല കോളേജ് മാനേജ്മെന്റുകളും 'ഇയർ ഔട്ട്' ആകുന്ന വിദ്യാർത്ഥികൾക്ക് റീ-അഡ്മിഷൻ നൽകുന്നില്ല. ഇത് വിദ്യാർത്ഥികൾക്ക് വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ഇത് പരിഹരിക്കാൻ ആവശ്യമായ നിയമ നിർമ്മാണം നടത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ശ്രീ. നവീൻ കെ. ഫ്രാൻസിസ്, പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

സർവ്വകലാശാലയിലെ പരീക്ഷകൾ എഴുതുവാൻ വിദ്യാർത്ഥികൾക്ക് 75% അറ്റൻഡൻസ് നിർബന്ധമാണ്. ആദ്യ വർഷം ഒഴിച്ചുള്ള വർഷങ്ങളിൽ 75 % അറ്റൻഡൻസ് ഇല്ലെങ്കിൽ 'സെമസ്റ്റർ ഔട്ട്' ആവുന്ന സാഹചര്യമാണ് ഉള്ളത്. 'സെമസ്റ്റർ ഔട്ട്' ആകുന്ന വിദ്യാർത്ഥികൾ ജൂനിയർ ബാച്ചിൽ റീ അഡ്മിഷൻ എടുക്കണം എന്നാൽ പല കോളേജ് മാനേജ്മെന്റുകളും 'സെമസ്റ്റർ ഔട്ട്' ആകുന്ന വിദ്യാർത്ഥികൾക്ക് റീ-അഡ്മിഷൻ നൽകുന്നില്ല. ഇത് വിദ്യാർത്ഥികൾക്ക് വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ഇത് പരിഹരിക്കാൻ ആവശ്യമായ നിയമ നിർമ്മാണം നടത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**അവതാരകൻ: ഡോ. സിറിയക് ജോസ്**

63. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബിരുദതലത്തിലെ കുട്ടികളുടെ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽ മെച്ചപ്പെടുത്തുന്ന രീതിയിൽ English Common Course പരിഷ്കരിക്കണമെന്ന് സർവ്വകലാശാലയോട് ഈ സഭ ആവശ്യപ്പെടുന്നു.

ഡോ. സജ്ജ മാത്യു, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

## സമർപ്പണം

**ശ്രീ. മുഹമ്മദ് അബ്ബാസ് എസ്.,**

റെഗുലർ വാല്യുവേഷനിൽ അധ്യാപകർ വാല്യൂ ചെയ്യുകയും, ഫലം പ്രസിദ്ധീകരിച്ചതിനുശേഷം വിദ്യാർത്ഥികൾ പുനർമൂല്യ നിർണ്ണയം നടത്തുകയും ചെയ്യുമ്പോൾ വലിയ തോതിലുള്ള വ്യത്യാസങ്ങൾ വരുമ്പോൾ റഗുലർ വാല്യുവേഷൻ നടത്തിയ അധ്യാപകർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

**ഡോ. സജ്ജ മാത്യു**

എംജി സർവ്വകലാശാലയിലെ ഗവേഷക വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയുടെ JRF ലഭിക്കുന്നത് സംബന്ധിച്ച് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളിലേക്ക് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**ശ്രീ. എ.ജെ. ഇമ്മാനുവൽ**

2021 മാർച്ച് 27 ന് നടന്ന സെനറ്റ് മീറ്റിംഗിൽ അംഗീകരിക്കപ്പെട്ട 26ാം നമ്പർ പ്രമേയപ്രകാരവും 2021 സെപ്റ്റംബർ 23 ന് നടന്ന സെനറ്റ് മീറ്റിംഗിൽ അംഗീകരിക്കപ്പെട്ട് 7ാം നമ്പർ പ്രമേയ പ്രകാരവും യൂണിവേഴ്സിറ്റി ചോദ്യബാങ്ക് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. എന്നാൽ 2021 സെപ്റ്റംബർ 23 ന് നടന്ന സെനറ്റ് മീറ്റിംഗിന്റെ Action Taken Report- ൽ 2022 ൽ സിലബസ് പരിഷ്കരണം നടത്തുന്നതിനാൽ പുതിയ ചോദ്യബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കും എന്നറിയിച്ചിരുന്നു.

ഇന്ന് നടക്കുന്ന സെനറ്റ് മീറ്റിംഗിലെ 21-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരമായി നൽകിയിരിക്കുന്നത് 2023-24 അക്കാദമിക വർഷം മാത്രമേ പരിഷ്കരിച്ച യു.ജി സിലബസ് നടപ്പിൽ വരികയുള്ളൂ എന്നാണ് മാത്രവുമല്ല പി.ജി സിലബസ് പരിഷ്കരണ ഉത്തരവ് ഇറങ്ങിയിട്ടുമില്ല ആയതിനാൽ നിലവിലുള്ള യു.ജി. /പി.ജി. ചോദ്യബാങ്കുകൾ പ്രസിദ്ധീകരണമെന്ന് അഭ്യർത്ഥിക്കുന്നു.

അജൻഡ പ്രകാരമുള്ള ഇനങ്ങൾ എല്ലാം പൂർത്തീകരിച്ചതിനാൽ യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തി 12.55–ന് സെനറ്റ് വാർഷിക യോഗം പിരിയുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു.

**(ഒപ്പ്)**
**വൈസ് ചാൻസലർ**

**(ഒപ്പ്)**
**രജിസ്ട്രാർ**